
# ബൈബിൾ സ്റ്റാൻഡാർഡ്

BIBLE STANDARD (Malayalam)
BI-MONTHLY

ദൈവരാജ്യത്തിന്റെ സുവാർത്താപത്രിക



"നിന്റെ പ്രകാശവും സത്യവും അയച്ചുതരേണമെ;
അവ എന്നെ നടത്തുമാറാകട്ടെ..." (സങ്കീ. 43:3).

**BIBLE STANDARD - OUR ONLY STANDARD**

"ജാതികൾക്കായി ഒരു കൊടി ഉയർത്തുവിൻ"
യെശ. 62:10

**ENGLISH B.S. NO. 936**

ഉൾപേജുകളിൽ.... പേജ്

ക്രിസ്തീയ സ്വഭാവത്തിന്റെ അവസാന
മിനുക്കു പണികൾ........................................ 2

അവൻ ഇടറിപ്പോകുന്നു ..................................14

ദൈവത്തിനു കൊള്ളാകുന്നവനായി
നില്പാൻ പഠിക്ക ...........................................18

ബൈബിൾ സംഭാഷണങ്ങൾ .........................21

അറിയിപ്പുകൾ................................................24

VOL - XVI, ISSUE 3 MAY - JUNE 2023

# ക്രിസ്തീയ സ്വഭാവത്തിന്റെ അവസാന മിനുക്കുപണികൾ
## FINISHING TOUCHES OF CHRISTIAN CHARACTER

**“ഒടുവിൽ സഹോദരന്മാരേ, സത്യമായതൊക്കെയും ഘനമായതൊക്കെയും (പരമാർത്ഥമായതൊക്കെയും) നീതിയായതൊക്കെയും നിർമ്മലമായതൊക്കെയും രമ്യമായതൊക്കെയും സൽക്കീർത്തിയായതൊക്കെയും സൽഗുണമോ പുകഴ്ചയോ അതൊക്കെയും ചിന്തിച്ചുകൊൾവിൻ” ഫിലിപ്പിയർ 4:8**

കർത്താവിന്റെ അനുയായികൾക്ക് “ക്രിസ്ത്യാനി” എന്ന പേര് ആദ്യമായി ചാർത്തപ്പെട്ടത് അന്ത്യോക്യയിൽ വച്ചായിരുന്നു. അങ്ങനെ ഒരു പേര് യഹൂദന്മാർ അവർക്കു നൽകില്ല, കാരണം ക്രിസ്തു എന്ന ഗ്രീക്കു പദത്തിന തുല്യമായ എബ്രായ പദം മശിഹ എന്നതാണ്. മാത്രവുമല്ല യഹൂദമതം അവിടെ യാതൊരു സ്ഥലത്തും പരമപ്രധാനമായിരുന്നുമില്ല. അതുമല്ല യേശു മശിഹ ആണെന്നോ തന്റെ അനുയായികൾ ക്രിസ്ത്യാനികളോ അല്ലെങ്കിൽ മശിഹായുടെ ആളുകളൊ ആണെന്നു ധ്വനിപ്പിക്കുന്ന അവസാന വാക്ക് യഹൂദൻ എന്നുള്ളതായിരുന്നു. ക്രിസ്ത്യാനികൾ ഈ പേര് ആദ്യം സ്വീകരിച്ചത് അന്ത്യോക്യയിൽ വച്ചാണെന്നു നാം വായിക്കുന്നില്ല. എന്നാൽ അവരെ മറ്റുള്ളവർ അങ്ങനെ വിളിച്ചത് അവിടെ വച്ചാണ്. “അന്ത്യോക്യയിലെ ആളുകൾ ക്രിസ്തുവിന്റെ അനുയായികളെ ‘യേശുവിന്റെ അനുയായികൾ’ എന്നു വിളിച്ചിരുന്നെങ്കിൽ വെറുമൊരു മനുഷ്യന്റെ അനുയായികൾ എന്നാകുമായിരുന്നു അതിന്റെ അർത്ഥം. ‘യേശുവിന്റെ അനുയായികൾ’ എന്നതിനു പകരം ‘ക്രിസ്തുവിന്റെ അനുയായികൾ’ എന്നവർ പറഞ്ഞപ്പോൾ അത് എത്ര അധികം ആഴത്തിൽ മനസിലാക്കിയാണ് പറഞ്ഞതെന്നു അവർക്കു തന്നെ അറിയില്ലായിരുന്നു. എന്തുകൊണ്ടെന്നാൽ അവർ പറഞ്ഞത് യേശു എന്ന മനുഷ്യനെക്കുറിച്ചായിരുന്നില്ല, മറിച്ച് ക്രിസ്തീയ സഭയുടെ കേന്ദ്രവും അധികാരപദവിയുമുള്ള മനുഷ്യനായ യേശുക്രിസ്തുവിനെക്കുറിച്ചായിരുന്നു.




മനുഷ്യവർഗ്ഗം പൊതുവെ വളരെ കുറച്ചു മാത്രമെ ചിന്തിക്കുന്നുള്ളു, എന്നിട്ട് അത് കൂടുതലോ കുറവോ ആയ അളവിൽ അനുചിതമായും തെറ്റായുമുള്ള അടിത്തറയിലോ പരിസരങ്ങളിലോ കെട്ടിപ്പടുക്കുകയും ചെയ്യുന്നു. എന്നിരുന്നാലും മനുഷ്യക്ഷേമത്തെ സംബന്ധിച്ചിടത്തോളം, പ്രപഞ്ചത്തിലെ മറ്റൊരു ശക്തിക്കും ഇല്ലാത്ത ഒരു ശക്തി ചിന്തയ്ക്കുണ്ടെന്ന് എല്ലാവരും സമ്മതിക്കും. സ്വന്തമായ സന്തോഷവും ക്ഷേമവും എത്രത്തോളം ശരിയായ ചിന്തയെ ആശ്രയിച്ചിരിക്കുന്നു എന്നതും, ജീവിതത്തിന്റെ പ്രധാന പ്രശ്നങ്ങളെക്കുറിച്ചുള്ള ശരിയായതോ തെറ്റായതോ ആയ ചിന്തകൾക്ക്, മുഴു സമൂഹവും രാഷ്ട്രങ്ങളും തങ്ങളുടെ ദുരിതത്തിനോ കടപ്പെട്ടിരിക്കുന്നത് എന്നതും എത്രത്തോളം ശരിയാണെന്നു ചുരുക്കം ചിലർ മനസിലാക്കിയേക്കാം. ചിന്തകളെ ഉണർത്തുകയും പ്രവർത്തനത്തിലേക്കു നയിക്കുകയും ചെയ്യുന്ന ഉപാധി എന്ന നിലയിൽ മാത്രം വാക്കുകൾ ലോകത്തിലെ ഒരു ശക്തിയാണ്: വാക്കുകൾ, ചിന്തകൾ, പ്രവൃത്തികൾ എന്നിങ്ങനെ പേരിട്ടിരിക്കുന്ന ക്രമത്തിൽ ജ്ഞാനിയായവൻ പറഞ്ഞത് സത്യമാണ്, “ഒരുവൻ തന്റെ മനസ്സിൽ കണക്കുകൂട്ടുന്നതുപോലെ ആകുന്നു അവനും” (സദൃ. 23:7). അവൻ നീതിപൂർവ്വം സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യും, അവന്റെ ചിന്തകൾ സ്വാർത്ഥപരവും മാന്യതയില്ലാത്തതുമാണെങ്കിൽ അവന്റെ വാക്കുകൾ വഞ്ചനാത്മകവും സ്വഭാവം സത്യസന്ധതയില്ലാത്തതും ആയിരിക്കും.

ചിന്താശക്തി ഗണ്യമായ രീതിയിൽ ബാധിച്ചിരിക്കുന്നതിനാൽ അത് എല്ലാ വശങ്ങളിലേക്കും ആകർഷിക്കപ്പെടുന്നു. അദ്ധ്യാപകൻ അതിനോട് ആകർഷിക്കപ്പെടുന്നു, പ്രസംഗകർ അതിനോടു ആകർഷിക്കപ്പെടുന്നു, രാഷ്ട്രീയക്കാരൻ അതിനോടു ആകർഷിക്കപ്പെടുന്നു, ധനകാര്യസ്ഥൻ അതിനോടു

ആകർഷിക്കപ്പെടുന്നു, സാമൂഹിക പ്രവർത്തകൻ അതിനോടു ആകർഷിക്കപ്പെടുന്നു, മാത്രവുമല്ല സകല ഭൂമിയിലും സകല ഭാഷകളിലും പ്രസിദ്ധീക രിക്കപ്പെടുന്ന പതിനായിരക്കണക്കിനു ലഘുലേഖക ളും, പുസ്തകങ്ങളും, ദിനപത്രങ്ങളും, മാസികകളും ചി ന്തയാൽ ആകർഷിക്കപ്പെടുന്നു. ചിന്ത, സത്യത്തിൽ, ലോകത്തിലെ എല്ലാ തലങ്ങളെയും ചലിപ്പിക്കുന്ന ഒരു മഹത്തായ യന്ത്രമാണെന്നു പറയാം. കുറച്ചു കാര്യങ്ങൾ യുക്തിയും വിവേകവുമുള്ള മനസ്സിന്റെ കാര്യങ്ങളാണ് എന്നുള്ളതാണ് ബുദ്ധിമുട്ട്. മാനുഷ കുടുംബത്തിലെ എല്ലാ അംഗങ്ങളെയും വീഴ്ച ബാ ധിച്ചിരിക്കുന്നതിനാൽ അത് നമ്മുടെ യുക്തിബോ ധത്തെ താറുമാറാക്കിയിട്ടുണ്ട്. ആത്മപ്രശംസകരും ജനവികാരമിളക്കുന്ന നേതാക്കന്മാരും സ്വാർത്ഥ ബുദ്ധിയുള്ളവരായി മനുഷ്യരാശിയുടെ ഈ മനസ്സി ന്റെ ബലഹീനാവസ്ഥയെ പതിവായി പ്രയോജന പ്പെടുത്തുന്നു, ഇത് അവരുടെ ശരിയായ ചിന്തയെ യും യുക്തിബോധത്തെയും തടസ്സപ്പെടുത്തുകയും അവ്യക്തമാക്കുകയും ചെയ്യുന്നു. അതിലെ എല്ലാ അംഗത്തിന്റെയും സ്വാർത്ഥതയുടെ മഹാശക്തിയോ ടും പ്രാമുഖ്യത്തോടും അതോടൊപ്പം സാത്താന്റെ തന്ത്രങ്ങളോടും എതിർത്ത് മനുഷ്യത്വം അദ്ധ്വാനി ക്കുന്നു. അതുകൊണ്ടുതന്നെ പൊതുവെ അതു തെറ്റിദ്ധരിക്കപ്പെടുകയും വഞ്ചിക്കപ്പെടുകയും ചെ യ്യുന്നതിൽ അതിശയിക്കേണ്ടതില്ല. ആയതിനാൽ തെറ്റായ വാഗ്ദാനങ്ങളുടെ ഉത്കണ്ഠക്കു കാരണമായ കാര്യങ്ങളിലേക്കു ചേർത്തുകൊണ്ടു സ്വന്ത ജഡ ത്തിനും അലസതയ്ക്കും കഴിവില്ലായ്മയ്ക്കും എതിരെ ഇത് പോരാടേണ്ടതുണ്ട്.

നമ്മുടെ യുക്തിപരമായ കഴിവുകളെ അടിസ്ഥാ നമാക്കാനും പ്രയോഗിക്കാനുമുള്ള സമ്പൂർണ്ണ അറി വിന്റെ അഭാവത്തിൽ ചിന്ത എന്നത് വളരെ അപക ടകരമായ വിഷയമാണെന്നത് നാം സമ്മതിക്കാൻ തയ്യാറാണ്. എന്നാൽ നമ്മുടെ സ്രഷ്ടാവിനോടും നമ്മുടെ സഹജീവികളോടുമുള്ള നമ്മുടെ കടമ ഉൾപ്പെടുന്ന എല്ലാ വിഷയങ്ങളിലും ന്യായവാദം ചെയ്യുന്നതിനുള്ള ശരിയായ അടിസ്ഥാനം തന്റെ വച നത്തിൽ നമുക്കായി നൽകിക്കൊണ്ട് കർത്താവു തന്റെ വിശ്വസ്തരെ ഈ കാര്യത്തിൽ സംരക്ഷിച്ചിരിക്കു ന്നു. തിരുവെഴുത്തുകൾ ചില വിശാലമായ വരികൾ നിരത്തുകയും വെളിപ്പാടിന്റെ ഈ വരികൾക്കുള്ളിൽ ന്യായവാദം ചെയ്യുവാൻ ദൈവജനത്തെ ക്ഷണിക്കു കയും അതുവഴി അവർ കർത്താവു കൃപയുള്ളവനാ ണെന്നു രുചിച്ചറിയുകയും കാണുകയും ചെയ്യുന്നു. അതോടൊപ്പം കർത്താവിന്റെ സ്വഭാവവും പദ്ധതിയും കൂടുതൽ നന്നായി മനസ്സിലാക്കി, തന്നെക്കുറിച്ചുള്ള വ്യക്തമായ അറിവിലേക്ക് എത്തുകയും ചെയ്യുന്നു.

**ചിന്തയുടെ നിയന്ത്രണം**

ഒരു മനുഷ്യന്റെ തലച്ചോറുമായി ഒരളവുവരെ മറ്റൊരുവന്റെ തലച്ചോർ വ്യത്യസ്തമാണെന്നും, അതു കൊണ്ടുതന്നെ അവന്റെ ചിന്ത വ്യത്യസ്തമായിരിക്കു മെന്നത് അനിവാര്യമെന്നും ചിലർ വിശ്വസിക്കുവാൻ താത്പര്യപ്പെടുന്നു. ഒറ്റവാക്കിൽ പറഞ്ഞാൽ ഒരുവൻ ചിന്തിക്കുന്നത് അവന്റെ തലച്ചോറിന്റെ നിർമ്മാണ രീതിയോടു പൊരുത്തപ്പെട്ടാണ്. എന്നാൽ ഞങ്ങൾ മറുപടി പറയുന്നു, അങ്ങനെയല്ലെന്ന്; ഓരോരു ത്തർക്കും തങ്ങളുടെ തന്നെ ചിന്തകളെ അളന്നു നോക്കാനും സന്തുലിതമാക്കാനും ചിലതിനെ നിയ ന്ത്രിക്കാനും മറ്റു ചിലതിനെ പ്രോത്സാഹിപ്പിക്കാനും കഴിയും; എന്നാൽ ഇതു ചെയ്യുന്നതിനു ഓരോരു ത്തർക്കും അവന്റെ മുന്നിൽ പകർത്തപ്പെടേണ്ട ഒരു മാതൃക ഉണ്ടായിരിക്കണം. വാക്കും പ്രവൃത്തിയും നിയന്ത്രിക്കുന്നതുപോലെ ചിന്തകളെയും നിയന്ത്രി ക്കണം. ഇച്ഛാശക്തിയാണ് ചുക്കാൻ പിടിക്കുന്ന ത്, അതിനെ ഏതു ചിന്തകളും വികാരങ്ങളുമാണ് രസിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നും എന്തൊക്കെയാണ് അതിനെ പിന്തിരിപ്പി ക്കുക എന്നും തീരുമാനിക്കണം. അതിനായി, ഒന്നാ മതായി, ഇച്ഛാശക്തി ശരിയായി നയിക്കപ്പെടേണ്ടത് ആവശ്യമാണ്, രണ്ടാമതായി അത് ശക്തമായിരി ക്കേണ്ടതും ചിന്തയുടെ നിയന്ത്രണത്തിൽ അതിന്റെ ശക്തി ഉപയോഗിക്കപ്പെടേണ്ടതുമാണ്. കൂടാതെ തിന്മയെന്നു തിരിച്ചറിയുന്ന ചിന്തകളെ തടയുക എന്നതും നല്ലതും സഹായകവും പ്രയോജനകര വുമെന്നു തിരിച്ചറിയുന്നവയെ ഉത്തേജിപ്പിക്കുക എന്നതും ആവശ്യമായിരിക്കുന്നു. തിരുവെഴുത്തു കളിൽ “ഹൃദയം” എന്നു വിളിക്കപ്പെടുന്ന ഇച്ഛാശ ക്തിയെ അതിനാൽ കർത്താവ് ആവശ്യപ്പെടുന്നു, അപ്രകാരം അവൻ ഇപ്പോൾ തനിക്കു പ്രത്യേകത യുള്ള “അപൂർവ്വജനത്തിനായി” അതായത് തന്റെ പ്രത്യേക നിധി കണ്ടെത്തുന്നതിനായി മനുഷ്യർക്കി ടയിൽ അന്വേഷിച്ചുകൊണ്ടിരിക്കുന്നു.

ഹൃദയം അഥവാ ഇച്ഛാശക്തി അങ്ങനെ ദൈവ ത്തിനു കൈമാറുന്നതോടുകൂടി ദൈവഹിതം അറി യുവാനും ദൈവീക ചിന്തയെ പിടിച്ചുകൊള്ളുവാനും, വാക്കിലും പ്രവൃത്തിയിലും അതിനെ അനുസരിക്കു

വാനും അവൻ ശ്രമിക്കുന്നു; പുതിയ മനസിന്റെ ഈ അവസ്ഥ കൈവരിക്കുന്നതിന് ആനുപാതികമായി, അതേ അനുപാതത്തിൽ എല്ലാ അർത്ഥത്തിലും ജീവിതത്തിന്റെ അഭിലാഷങ്ങൾ, പ്രതീക്ഷകൾ, വികാരങ്ങൾ, പരിശ്രമങ്ങൾ എന്നിവയിൽ പുതുമ ഉണ്ടാകുവാൻ തുടങ്ങും. ഈ കാരണത്താലാണ് ദൈവഹിതത്തിന്റെയും പദ്ധതിയുടെയും വെളിപ്പാട് വിശ്വാസികൾക്കു നൽകപ്പെടുന്നത് – അതിനെക്കുറിച്ചുള്ള അറിവിൽ വളരുന്നതിലൂടെ, ഈ കാര്യങ്ങളെക്കുറിച്ചു ചിന്തിക്കുന്നതിലൂടെ, ദൈവീക പദ്ധതിയും ഇച്ഛയും മനസിൽ നിറയ്ക്കുന്നതിലൂടെ, രൂപാന്തരപ്പെടുത്തുന്ന സ്വാധീനം ജീവിതത്തിന്റെ എല്ലാ വഴികളിലേക്കും വ്യാപിക്കും.

**ഇവയെ ചിന്തിച്ചു കൊൾക**
**സത്യമായതൊക്കെയും**
**ഘനമായതൊക്കെയും**
**നീതിയായതൊക്കെയും**
**നിർമ്മലമായതൊക്കെയും**
**രമ്യമായതൊക്കെയും**
**സൽക്കീർത്തിയായതൊക്കെയും**
**ഫിലി. 4:8**

### നമ്മുടെ വാക്യം വിശുദ്ധന്മാരെ അഭിസംബോധന ചെയ്യുന്നു

ജനങ്ങൾക്കിടയിലുള്ള ഒരു സാധാരണ തെറ്റ്, പാപികളേയും, ദുഷ്പ്രവർത്തിക്കാരേയും, ദുഷിച്ച ചിന്താഗതിക്കാരെയും നമ്മുടെ വാക്യത്തിലൂടെ അഭിസംബോധന ചെയ്യുന്നു എന്ന തോന്നലുണ്ടാക്കുന്നതാണ്. ഈ തോന്നൽ തെറ്റായ ഒരു കാര്യമാണ്. ഫിലിപ്പ്യർക്കു എഴുതിയ ലേഖനം "ഫിലിപ്പിയയിൽ ക്രിസ്തു യേശുവിലുള്ള സകല വിശുദ്ധന്മാരെയും" (1:1) അഭിസംബോധന ചെയ്യുന്നതാണ്. എല്ലായിടത്തുമുള്ള വിശുദ്ധന്മാർക്കു ബാധകമായ ബുദ്ധ്യുപദേശമാണ് ഇത്, വിശുദ്ധൻമാരല്ലാത്തവർക്കുള്ളതല്ല. അതായത് കർത്താവിനായി തങ്ങളെത്തന്നെ സമർപ്പിക്കുന്നതുവരെ ലോകത്തിനോ, കുറച്ചു മാത്രം വിശ്വാസമുളളവർക്കോ ഉള്ളതല്ല. ഈ ഒരർത്ഥത്തിൽ ഈ വാക്യം മറ്റുള്ളവർക്ക് നിഷ്പ്രയോജനമാകുന്നു; ഈ പ്രബോധനം അവർക്കു ഫലവത്താകുകയില്ല. അതുകൊണ്ടുതന്നെ ഈ പാഠത്തിലെ ഈ ബുദ്ധ്യുപദേശം ഉയർന്ന നിലവാരമുള്ള ക്രിസ്ത്യാനികൾക്കല്ലാതെ ആർക്കും പ്രത്യേകമായി പ്രായോഗികമാകുന്നില്ല – "ക്രിസ്തുവിൽ ശിശുക്കളായവർക്കു" പോലുമല്ല, ജീവന്റെ പുതുക്കത്തിൽ അല്പമെങ്കിലും പക്വത പ്രാപിച്ചവർക്കു മാത്രമുള്ളതാണ്. വളർച്ച പ്രാപിക്കാത്ത ക്രിസ്ത്യാനികളായ ശിശുക്കളെ സംബന്ധിച്ചിടത്തോളം അവരുടെ ശ്രദ്ധ വസിക്കുന്നത് അപരിഷ്കൃതമായ ലഘുവായ പാഠങ്ങളിലായിരിക്കും, അതുകൊണ്ടു തന്നെ അവർ ദൈവത്തിന്റെ സമർപ്പിത മക്കൾ വെറുക്കേണ്ടതും പോരാടേണ്ടതുമായ പാഠങ്ങളെ പ്രമാണിക്കുന്നു. "ജഡത്തിലെയും ആത്മാവിലെയും സകല കന്മഷങ്ങളെയും" ദൂരെ എറിഞ്ഞു കളഞ്ഞ് യോഗ്യമായ വളർച്ച പ്രാപിച്ചവരെയാണ് [തങ്ങളുടെ ഹൃദയങ്ങളിൽ പരിപൂർണ്ണമായ വിശുദ്ധി പ്രാപിക്കുവാൻ ആഗ്രഹിക്കുകയും അപ്രകാരം നാളിതുവരെ തങ്ങളുടെ ഭൗമീക ശരീരത്തിൽ അതു പ്രാവർത്തികമാക്കിയവരെയും ചെയ്യുവരെയാണ്] ഈ വാക്യം അഭിസംബോധന ചെയ്യുന്നത് (2 കൊരിന്ത്യർ 7:1).

പരിശുദ്ധനായ ഒരുവനു ചേർച്ചയുള്ള വാക്കാണ് വിശുദ്ധൻ എന്നത്. പരിശുദ്ധം (holy) എന്ന വാക്കിനു സമ്പൂർണ്ണത (whole) എന്ന വാക്കുമായി ചില സൂചിതാർത്ഥബന്ധങ്ങളുണ്ട് – അവ മുഴുവനായി, ഒന്നിനും കുറവില്ലാത്ത എന്നൊക്കെയാണത്. പരിശുദ്ധനായ ദൈവം തന്റെ മക്കളെ വിശുദ്ധരായിരിക്കുവാൻ വിളിച്ചുകൊണ്ടു പറയുന്നു, "ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ" (1 പത്രൊ. 1:16). പരിശുദ്ധനായവൻ, പ്രതിഷ്ഠിച്ചവൻ, സമർപ്പിച്ചവൻ എന്നൊക്കെ അർത്ഥം വരുന്ന ഹാഗിയോസ് (hagios) എന്ന ഗ്രീക്കു പദത്തിൽ നിന്നുമാണ് "വിശുദ്ധന്മാർ" എന്ന പദം ഉത്ഭവിച്ചിരിക്കുന്നത്. അതെ, റോമ. 12:1 പറയുന്നു, "സഹോദരന്മാരെ, ഞാൻ ദൈവത്തിന്റെ മനസ്സലിവു ഓർപ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കുന്നതു: നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ, അത് നിങ്ങളുടെ ന്യായമായ ശുശ്രൂഷയല്ലോ", ഇത് തങ്ങളുടെ ശരീരങ്ങളെ ജീവനുള്ള യാഗമായി ഈ കാലത്ത് സമർപ്പിക്കുന്നവർക്കും ബാധകമായിരിക്കുന്നു. കൂടാതെ, ഗുരുവിന്റെ ശിഷ്യനാകേണ്ടതിനു ഒരുവൻ തന്നെത്താൻ ത്യജിച്ചു തന്റെ ക്രൂശെടുത്തു ഗുരുവിനെ അനുഗമിക്കട്ടെ എന്നു മത്താ. 16:24 കാണിക്കുന്നു: "പിന്നെ യേശു ശിഷ്യന്മാരോടു പറഞ്ഞതു; ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ചു, തന്റെ ക്രൂശെടുത്തു എന്നെ അനുഗമിക്കട്ടെ". ദൈവത്തിനും അവിടുത്തെ ശുശ്രൂഷയ്ക്കും പൂർണ്ണമായി സമർപ്പിക്കപ്പെട്ടിരിക്കുന്നതിന്റെയും ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ധരിച്ച് അവിടുത്തെ പാത്രമായി

രിക്കുന്നതിന്റെയും അടിസ്ഥാനത്തിലാണ് മനുഷ്യർ പരിശുദ്ധർ എന്നു വിളിക്കപ്പെടുന്നത്. അവർ തിന്മയിൽ നിന്നും, പൊതുവായതും സാധാരണമായതുമായ ഉപയോഗങ്ങളിൽ നിന്നും വേർപ്പെട്ടു ദൈവത്തിനും അവിടുത്തെ സേവനത്തിനുമായി പൂർണ്ണമായി സമർപ്പിക്കുമ്പോൾ, അവർ വിശുദ്ധിയിൽ ഒരു നിശ്ചിതമായ രീതിയിൽ പങ്കുചേരുന്നു.

ഈ സന്ദർഭം നമ്മുടെ വാദത്തെ തെളിയിക്കുന്നു, എന്തെന്നാൽ, ദൈവത്തോടുള്ള പ്രാർത്ഥനയെക്കുറിച്ചും സ്തോത്രത്തെക്കുറിച്ചും സകല ബുദ്ധിയേയും കവിയുന്ന ദൈവ സമാധാനത്തെക്കുറിച്ചും സംസാരിച്ചതിനു ശേഷം, അവരുടെ ഹൃദയങ്ങളെയും മനസ്സുകളെയും അതിൽ തന്നെ നിലനിർത്തിക്കൊണ്ടു, സ്വഭാവ വികസനത്തിന്റെ പ്രക്രിയ നിലനിർത്തിക്കൊണ്ട്, അപ്പൊസ്തലൻ കൃപയുടെ ഈ മുന്നേറിയ സ്ഥാനം നമ്മുടെ വാക്യത്തിന്റെ ഒടുക്കം അഥവാ പൂർത്തീകരണം എന്ന നിലയിൽ "ഒടുവിൽ സഹോദരന്മാരേ" എന്നു പറഞ്ഞുകൊണ്ടു സംഗ്രഹിക്കുന്നു.

**"സത്യമായതൊക്കെയും"**

ഏതു കാര്യത്തെക്കുറിച്ചും ആദ്യം ചോദിക്കേണ്ട ഒരു കാര്യം ഇതാണ് : ഇത് ശരിയാണോ അതോ തെറ്റാണോ? അത് തെറ്റാണെങ്കിൽ, അത് എത്ര മനോഹരമാണെങ്കിലും, കർത്താവിന്റെ ആളുകൾക്ക് അതിൽ ഒന്നും ചെയ്യാനില്ല. സത്യത്തോടുള്ള സ്നേഹം വിശുദ്ധിയുടെ അടിത്തറയിൽത്തന്നെ ഉണ്ട്. ഈ കൊയ്ത്തിൻ കാലത്ത് തിരസ്കരിക്കപ്പെടുകയും ഇടറിപ്പോവുകയും ചെയ്യുന്നവർ സ്നേഹത്തിൽ സത്യം സ്വീകരിക്കാത്തവരാണെന്നു കർത്താവ് അപ്പൊസ്തലനിലൂടെ പ്രഖ്യാപിക്കുന്നത് ഞങ്ങൾ ഓർക്കുന്നു (2 തെസ്സലോനിക്യർ 2:10) – അങ്ങനെയുള്ളവർ അനീതിയിൽ (അസത്യത്തിൽ) സന്തോഷിക്കുന്നവർ ആകുന്നു. നമ്മുടെ ദുർബലവും എന്നാൽ ഏറ്റവും മികച്ചതെങ്കിലും അപൂർണ്ണവുമായ മസ്തിഷ്കത്തിന് തെറ്റിദ്ധരിക്കപ്പെടുക എന്ന ഒരു വലിയ അപകടാവസ്ഥയുണ്ട്, അതിനാൽ അസത്യമെന്നു നാം മനസ്സിലാക്കുന്നതിനെ തൊടാൻ പോലും പാടില്ല എന്നു കർത്താവിന്റെ വചനം ശക്തിയോടെ നമ്മോട് അഭ്യർത്ഥിക്കുന്നു. അസത്യത്തിൽ നിന്നും സത്യത്തെ വേർതിരിച്ചറിയാൻ നാം തെളിവുകൾ തൂക്കി നോക്കി തുലനം ചെയ്യരുത് എന്നല്ല ഇതിനർത്ഥം; എന്നാൽ സത്യം കണ്ടെത്തിയാലുടൻ അതു സ്വീകരിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്യും, അസത്യം ശക്തമായി നിരാകരിക്കപ്പെടുകയും അതിൽ നിന്നും പൂർണ്ണമായും പിൻവലിക്കപ്പെടുകയും ചെയ്യും എന്നാണ് ഇതിനർത്ഥം. സീയോനിലേക്കുള്ള യാത്രക്കാർക്ക് ഇടർച്ചക്കല്ലാണ് എന്നു കാണുന്ന മാത്രയിൽ തന്നെ, ഇതു നമ്മുടെ ആത്മീയ പാദങ്ങൾക്കു ഒരു കെണിയായിത്തീരുമെന്നു മനസ്സിലാക്കി, ആ കാര്യം തെറ്റായ അടിസ്ഥാനത്തിന്മേലാണെന്നു അറിയുമ്പോൾ തന്നെ "ഏതു തരത്തിലും ന്യായവാദം ചെയ്യുമെന്നു മനസ്സിലാക്കി", തെറ്റു തെറ്റാണെന്നു കാണുമ്പോൾ തന്നെ അതിനെ തിരുത്തുക.

**അപ്പൊസ്തലനായ പൗലൊസ് തന്റെ ഹൃദയത്തെ തുറന്നു കാണിക്കുന്നു**

**പ്രിയമുള്ളവരേ, ഈ വാഗ്ദത്തങ്ങൾ നമുക്കു ഉള്ളതുകൊണ്ടു നാം ജഡത്തിലെയും ആത്മാവിലെയും സകല കൻമഷവും നീക്കി നമ്മെത്തന്നെ വെടിപ്പാക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികച്ചുകൊൾക**

**2 കൊരിന്ത്യർ 7:1**

**നാം ദൈവത്തെ ബഹുമാനിക്കുകയും ദൈവത്തെപ്പോലെ ആകാൻ ശ്രമിക്കുകയും വേണം.**

ഈ വാക്യത്തിൽ അപ്പൊസ്തലനിലൂടെയുള്ള ദൈവത്തിന്റെ ഉപദേശമാണ് നമ്മൾ പിൻതുടരുന്നതെങ്കിൽ, കെട്ടുകഥകൾ, നോവലുകൾ, അയഥാർത്ഥമായ കാര്യങ്ങൾ തുടങ്ങിയവ ഒഴിവാക്കുന്നു എന്ന് ഇത് അർത്ഥമാക്കും. നേരെമറിച്ച് ഇത് അർത്ഥമാക്കുന്നത് സത്യമായ എല്ലാ കാര്യങ്ങളോടും വർദ്ധിച്ച ബഹുമാനവും അവയോടുള്ള വർദ്ധിച്ച ഭക്തിയും, അവയുടെ പഠനത്തിന് കൂടുതൽ സമയം ഉപയോഗിക്കുന്നതും തത്ഫലമായി നമ്മുടെ ഹൃദയത്തിൽ സത്യത്തിന്റെ ആത്മാവിന്റെ വർദ്ധനവുമായിരിക്കും ഉണ്ടാകുന്നത്.

**"ഘനമായതൊക്കെയും" അഥവാ "പരമാർത്ഥമായതൊക്കെയും"**

ഏതൊരു സംഗതിയുടെയും സത്യാവസ്ഥ പരീക്ഷണവിധേയമാക്കേണ്ടതാണ്. ഒരു കാര്യം സത്യമാണെന്നു നാം ചിലപ്പോൾ കണ്ടെത്തിയേക്കാം, എന്നിട്ടും അതു നമ്മുടെ ചിന്തകൾക്ക് യോഗ്യമാണെന്നു കണ്ടെത്താതിരിക്കുകയാണെന്നിരിക്കട്ടെ, അതായത് അനാദരവുണ്ടാക്കുന്നതാണെന്നിരിക്കട്ടെ, അത്

മാന്യമല്ലാത്തതും അപമാനകരവുമായ ചിന്തകൾ ആണെന്ന് ആർക്കാണ് അറിയാത്തത്, അവയെക്കുറിച്ച് ചിന്തിക്കുന്നത് വിലയേറിയ സമയം പാഴാക്കുക മാത്രമല്ല, പ്രതിഫലം നൽകുന്നതിനു പകരം, നഷ്ടവും ദോഷവും വരുത്തുന്നു. അതിലൂടെ ക്രിസ്തുവിൽ സമർപ്പിതരായ ക്രിസ്ത്യാനികൾ എന്ന നിലയിൽ നമുക്കു യോഗ്യമല്ലാത്ത, നമ്മുടെ മനസ്സിൽ മാന്യമല്ലാത്ത (ആദരണീയമല്ലാത്ത) കളങ്കം നിക്ഷേപിക്കുന്നു.

സത്യവും എന്നാൽ ഘനമല്ലാത്തതോ യോഗ്യമല്ലാത്തതോ ആയ കാര്യങ്ങൾ നമ്മുടെ മനസ്സിന്റെ പരിധിയിൽ നമ്മുടെ പരിഗണനയ്ക്കായി അവതരിപ്പിക്കുന്നത് ഒരുപക്ഷേ പലപ്പോഴും നമ്മുടെ അയൽക്കാരുടെയും സുഹൃത്തുക്കളുടെയും ബലഹീനതകളുമായോ, തെറ്റുകളുമായോ, വിഢിത്തരങ്ങളുമായോ ബന്ധപ്പെട്ടിരിക്കുന്നു. ഈ ചിന്തകളെ ആസ്വദിക്കുന്നത്, അവയെക്കുറിച്ചുള്ള ആലോചന നമുക്കു പ്രതികൂലമായിരിക്കും, എത്രയും വേഗം നമ്മൾ ആ കാര്യം മനസ്സിലാക്കുകയും തള്ളിക്കളയുകയും ചെയ്യുന്നുവോ അതു നമുക്കു സന്തോഷദായകവും നമ്മുടെ ഹൃദയങ്ങൾക്കു നീതിയുക്തവുമായിരിക്കും. ഈ അയോഗ്യമായ ചിന്തകളെ തള്ളിക്കളയുന്നത് ക്രിസ്തുയേശുവിൽ യഥാർത്ഥമായി സമർപ്പിതരായിരിക്കുന്നവർ എന്ന നിലയിൽ നമ്മുടെ ശ്രദ്ധയ്ക്കു യോഗ്യമായ, സത്യമെന്നു മാത്രമല്ല, മാന്യമായ കാര്യങ്ങളിലും കൂടുതൽ സമയം ചിലവഴിക്കാനുള്ള അവസരവും ഊർജ്ജവും നമുക്കു നൽകും.

### "നീതിയായതൊക്കെയും"

ഇവിടെ നമുക്ക് മറ്റൊരു പരിമിതിയുണ്ട്. നമ്മുടെ മനസ്സ് നീതിയെക്കുറിച്ചോ അല്ലെങ്കിൽ നീതിയായ കാര്യങ്ങൾ, തത്വങ്ങൾ മുതലായവയെക്കുറിച്ചോ ചിന്തിക്കുന്നതിൽ മുഴുകിയിരിക്കേണ്ടതാണ്. യാഥാർത്ഥ്യമോ സാങ്കൽപികമോ ആയ പരാതികളെയും അനീതികളെയും കുറിച്ച് നാം നിരന്തരം ധ്യാനിക്കേണ്ടതില്ല. നേരെ മറിച്ച് "ഇപ്പോഴത്തെ ദുഷ്ടലോകം" എന്നു തിരുവെഴുത്തുകൾ വിശേഷിപ്പിക്കുന്ന കാലഘട്ടത്തിലാണ് നാം ജീവിച്ചിരിക്കുന്നതെന്നും പൊതുവെ നീതി നിലനിന്നിരുന്നുവെങ്കിൽ ഇപ്രകാരം ആയിരിക്കുകില്ലായിരുന്നു എന്നും നാം ഓർക്കണം. നന്മ ചെയ്യുകയും, കർത്താവിന്റെയും അവിടുത്തെ വചനത്തിന്റെയും ശുശ്രൂഷയിൽ നമ്മുടെ ജീവൻ അർപ്പിക്കുകയും ചെയ്തിട്ടും നമ്മെപ്പറ്റി മോശമായി സംസാരിക്കുകയും നമ്മെ തെറ്റിദ്ധരിക്കുകയും ക്രിസ്തുവിനെ പ്രതി എല്ലാ തിന്മകളും നമുക്കെതിരായി കളവായി പറയുകയും ചെയ്യുമെന്നു ഓർക്കുക.

അതിനാൽ, യഥാർത്ഥ സമർപ്പിതരായ എല്ലാവരുടെയും മേൽ വരാനിരിക്കുന്ന അഗ്നി പരീക്ഷകളെക്കുറിച്ചു അത് ഒരു അപൂർവ്വകാര്യമെന്നു ചിന്തിക്കേണ്ടതില്ല. മറിച്ച്, നാം സമർപ്പണം ചെയ്യുമ്പോൾ ഈ കാര്യം മുൻകൂട്ടി തീർപ്പാക്കിയിരിക്കകൊണ്ട്, പരീക്ഷണങ്ങൾ, അനീതികൾ മുതലായവയെക്കുറിച്ച് സങ്കടപ്പെടുകയോ പ്രത്യേകം ചിന്തിക്കുകയോ ചെയ്യാതെ, അതു വരുന്നതുപോലെ തന്നെ അതിനെ സ്വീകരിക്കേണം. അങ്ങനെ ചെയ്യുന്നതിലൂടെ, കൂടുതൽ സഹായകരവും കൂടുതൽ ശക്തിപ്പെടുത്തുന്നതും കൂടുതൽ ഉയരത്തിലുള്ളതുമായ കാര്യങ്ങളെക്കുറിച്ചുള്ള ചിന്തകൾക്ക് നമുക്കു കൂടുതൽ സമയം ലഭിക്കും. അതായത് കർത്താവിന്റെ വചനത്തിൽ വാഗ്ദത്തം ചെയ്തതുപോലെ ഭൂതകാലത്തിലെയും, വർത്തമാനകാലത്തിലെയും, ഭാവികാലത്തിലെയും നീതിയായ കാര്യങ്ങൾ, നീതിയോടു യോജിക്കുന്ന കാര്യങ്ങൾ ചിന്തിക്കാൻ കൂടുതൽ സമയം ലഭിക്കും.

### "നിർമ്മലമായതൊക്കെയും"

ലോകത്തിൽ ഉടനീളം എല്ലായിടത്തും വലിയ അളവിൽ അശുദ്ധിനിറഞ്ഞിരിക്കുന്നു. അതിനാൽ കർത്താവിന്റെ സമർപ്പിതരായ ആളുകൾ, അപ്പൊസ്തലന്റെ കൽപനകൾ പ്രമാണിക്കുകയും മാലിന്യങ്ങളെ ശ്രദ്ധാപൂർവ്വം നീക്കം ചെയ്യുകയും അവ നമ്മുടെ ഹൃദയങ്ങളിലേക്കും ചിന്തകളിലേക്കും പ്രവേശിക്കാതിരിക്കാൻ ശ്രദ്ധിക്കുകയും അവ തങ്ങളെ കൂടിയതോ കുറഞ്ഞതോ ആയ അളവിൽ കളങ്കപ്പെടുത്തുവാൻ തക്ക അപകടകരമെന്നു മനസ്സിലാക്കുകയും വേണം. ചിന്താശുദ്ധി കാത്തു സൂക്ഷിക്കുന്ന ഒരാൾക്ക് വാക്കിന്റെയും പ്രവൃത്തിയുടെയും വിശുദ്ധി നിലനിർത്താൻ താരതമ്യേന കുറച്ചു പരിശ്രമം മാത്രമേ വേണ്ടി വരികയുള്ളൂ. അശുദ്ധി ഒരു വശത്തു നിന്നോ മറുവശത്തു നിന്നോ, എന്നു പറഞ്ഞാൽ ലോകത്തിൽ നിന്നോ ജഡത്തിൽ നിന്നോ പിശാചിൽ നിന്നോ വന്നാലും അതിന്റെ ആക്രമണങ്ങൾ എപ്രകാരമെന്നു മനസ്സിലാക്കിയിരിക്കണം, ശേഷം അതിനെ എതിർത്താൽ അവിടെ വിജയം നേടും. പിന്തിരിപ്പിച്ചില്ലെങ്കിൽ, അനന്തരഫലങ്ങൾ എന്തായിരിക്കുമെന്നു നമുക്ക് അറിയാൻ കഴിയില്ല; അപ്പൊസ്തലനായ യാക്കോബ് പ്രസ്താവിക്കുന്നതുപോലെ, "മോഹം (ഏതെങ്കിലും രീതിയിലുള്ള സ്വാർത്ഥപരമായ ആഗ്രഹം) ഗർഭം ധരിച്ചിട്ടു (മനസ്സിനുള്ളിൽ) പാപത്തെ ഉളവാക്കുന്നു (പാപകരമായ വാക്കുകളോ കൃത്യങ്ങളോ വളരുന്നു),

പാപം മുഴുത്തിട്ടു മരണം ഉണ്ടാകുന്നു" (യാക്കോ. 1:15).

അങ്ങനെയെങ്കിൽ, അപ്പൊസ്തലൻ സൂചിപ്പിക്കുന്നതുപോലെ നമ്മുടെ ചിന്തകൾ വിശുദ്ധിയുടെ പാതയിൽ സൂക്ഷിക്കേണ്ടത് ആവശ്യമാണ്. എന്തെന്നാൽ ഒരു കാര്യം സത്യമെന്നു സ്ഥാപിക്കപ്പെട്ടിട്ടുണ്ടെങ്കിൽ കൂടിയും, അതിൽ ഒരു അനീതിയും ഉൾപ്പെട്ടിട്ടില്ലെങ്കിലും, അതിൽ അനാദരമായതൊന്നും (ഘനമല്ലാത്തതൊന്നും) ഇല്ലെങ്കിലും അത് അശുദ്ധമാണെങ്കിൽ കർത്താവിന്റെ സമർപ്പിത ജനങ്ങളുടെ മനസ്സ് അതിനെ യോഗ്യമായതല്ലെന്നു ശിക്ഷ വിധിക്കുവാൻ ഇടയാക്കും. അല്ലെങ്കിൽ, മനസ്സിൽ പ്രവേശിക്കുന്ന ഏതെങ്കിലും മാലിന്യമോ അശുദ്ധിയോ, ആ സമയത്തു മാത്രമല്ല, മാസങ്ങളോ വർഷങ്ങളോ പോലും അതിന്റെ സമ്പൂർണ്ണമായ ഉന്മൂലനത്തിനു പ്രശ്നമുണ്ടാക്കുന്ന തരത്തിലുള്ള അശുദ്ധി ഉണ്ടാക്കിയേക്കാം എന്നതും അവഗണിക്കപ്പെടേണ്ടതില്ല.

### "രമ്യമായതൊക്കെയും"

വിശുദ്ധന്മാരോടു സൗമ്യതയുള്ളവരായിരിപ്പാനും സമാധാനം ഉണ്ടാക്കുന്നവരായിരിപ്പാനും പ്രബോധിപ്പിച്ചിരിക്കുന്നു. എന്നാൽ അവർ അങ്ങനെ ഇരിക്കണമെങ്കിൽ അവർക്കു സൗഹാർദ്ദപരമായ ചിന്തകൾ, മനോഹരവും സ്നേഹപരവുമായ ചിന്തകൾ, ദയയുള്ള ചിന്തകൾ, സൗമ്യമായ ചിന്തകൾ എന്നിവ ഉണ്ടായിരിക്കണം. ഇവ ക്രമേണ സ്വഭാവഗുണങ്ങളായി വികസിക്കും. കോപം, വിദ്വേഷം, പിണക്കം, വ്രണപ്പെടുത്തുന്ന ചിന്തകൾ എന്നീ വിഷയങ്ങളെക്കുറിച്ചു നാം ചിന്തിക്കരുത്. ഇവയെല്ലാം യഥാർത്ഥത്തിൽ സമർപ്പിതരായവരുടെ ശത്രുക്കളായി അകറ്റി നിർത്തപ്പെടേണ്ടവയാണ്. പകരം നമ്മൾ മനോഹരമായ കാര്യങ്ങളെക്കുറിച്ചു ചിന്തിക്കണം. നമ്മുടെ അയൽക്കാരെയും സുഹൃത്തുക്കളെയും ബഹുമാനിക്കാൻ നമുക്കറിയാം. അവരുടെ അനീതികളുടെയും തിന്മകളുടെയും നേർക്കു നമുക്കു കണ്ണടയ്ക്കാൻ കഴിയുന്നില്ലെങ്കിൽക്കൂടിയും അവരുടെ ദൗർബല്യങ്ങളെക്കുറിച്ചു ചിന്തിച്ച് നമ്മുടെ വിലപ്പെട്ട സമയം പാഴാക്കുന്നത് നമ്മിൽത്തന്നെ അനിയന്ത്രിതമായ, വഴക്കുണ്ടാകുന്ന സ്വഭാവം വളർത്തിയെടുക്കുന്നതിനു കാരണമാകുന്നു.

### "സൽക്കീർത്തിയായതൊക്കെയും"

ലോകം വെളിച്ചത്തെയും വെളിച്ചത്തിന്റെ മക്കളെയും വെറുക്കുകയും അനീതിയിൽ മറ്റുള്ളവരേക്കാൾ നേട്ടങ്ങൾ കൈവരിക്കുന്നതിൽ സന്തോഷിക്കുകയും ചെയ്യുന്നതിനാൽ സൽക്കീർത്തിയുള്ളവ ദൈവജനത്തിന്റെ ചിന്തകൾക്കു യോജിച്ച വിശുദ്ധമായ കാര്യമായിരിക്കില്ല എന്നു ചിലർ വാദിച്ചേക്കാം. എന്നാൽ അങ്ങനെയല്ല, ഞങ്ങളുടെ ഉത്തരം: ലോകം ഒരു ശരിയായ മാനദണ്ഡം അംഗീകരിക്കുന്നുണ്ടെങ്കിലും അതു പാലിക്കപ്പെടുന്നില്ല, അങ്ങനെ അവകാശപ്പെടുന്നു പോലുമില്ല – അതു നമ്മുടെ കർത്താവിന്റെ കാര്യത്തിലെന്നപോലെ വെളിച്ചത്തിന്റെ മക്കളെ കപടനാട്യക്കാർ എന്നു വിളിക്കുകയും അവരെ ക്രൂശിക്കുകയും ചെയ്തുകൊണ്ട് അങ്ങനെ ചെയ്തു കാണുന്നവരെ വെറുക്കുന്നുവെങ്കിലും ആ നിലവാരത്തിലേക്കു കടക്കുവാൻ ശ്രമിക്കുന്നു. പൊതുവെ മതപീഡനത്തിനു എതിരായി ആവേശം പകരുന്നത് കൗശലവും വ്യാജവുമാണ്. എന്നിരുന്നാലും, ആരെങ്കിലും മാന്യമായ നിലവാരം പിന്തുടരുകയും അതിനെക്കുറിച്ചു ചിന്തിക്കുകയും ചെയ്യുന്നുവെങ്കിൽ അവർ അതിൽ ഒരു അനുഗ്രഹം കണ്ടെത്തും.

സത്യവും രമ്യവും സൽക്കീർത്തിയും മനോഹരവുമായ കാര്യങ്ങളെക്കുറിച്ചു ചിന്തിക്കുന്നവർ അവയെപ്പറ്റി പരസ്പരം സംസാരിക്കും. നമ്മുടെ ഹൃദയങ്ങളിൽ നല്ല കാര്യങ്ങൾ നിറയ്ക്കേണ്ടതിന്റെ പ്രാധാന്യം അതാണ്. ഹൃദയത്തിൽ നിറഞ്ഞുകവിയുന്ന നല്ല കാര്യങ്ങൾ നിരന്തരമായി വായ് സംസാരിക്കുകയും അങ്ങനെ കർത്താവിന്റെ അംഗീകാരം ലഭിക്കുകയും അതു കേൾക്കുന്നവർക്കു അനുഗ്രഹം നൽകുകയും ചെയ്യും, ലൂക്കൊസ് 6:45.




ദിവസേനയും മണിക്കൂറും ഈ സ്നേഹത്തിന്റെ ആത്മാവ് വളർത്തിയെടുക്കാനും നമ്മുടെ വാക്കുക

ളിലും പ്രവൃത്തികളിലും അതിനെ പ്രബലമാക്കാനും നാം ശ്രമിക്കുന്ന അതേ അനുപാതത്തിലായിരിക്കും നമ്മുടെ അനുഗ്രഹത്തിന്റെ അളവും. എന്തെന്നാൽ ഇതിലൂടെ നാം "വചനം കേൾക്കുന്നവർ മാത്രം ആയിരിക്കാതെ പ്രമാണിക്കുന്നവരും ആകും". എന്നിരുന്നാലും, ഇപ്പോഴത്തെ ജീവിതം, ആരോഗ്യം, ഭൗമിക അനുഗ്രഹങ്ങൾ എന്നിവയെക്കുറിച്ച് ഞങ്ങൾ വളരെ വലിയ അളവിൽ കണക്കാക്കുന്നില്ല. പകരം, നമുക്കുള്ളതിൽ നാം സംതൃപ്തരായിരിക്കുകയും നമ്മുടെ കാര്യങ്ങളിലുള്ള ദൈവീക മേൽനോട്ടം നാം മനസ്സിലാക്കുകയും വേണം. സകല ബുദ്ധിയേയും കവിയുന്ന, നമ്മുടെ ഹൃദയങ്ങളിൽ നിരന്തരം ഭരിക്കുന്ന ദൈവസമാധാനം നമുക്കു കൊണ്ടുതരുവാൻ തക്കവണ്ണം ജീവിതാനുഭവങ്ങളെയെല്ലാം നാം അനുവദിക്കണം. എന്നാൽ ഇപ്പോഴുള്ള ജീവനെ രക്ഷിക്കാൻ ശ്രമിക്കാതെ നമ്മുടെ ശാരീരിക ആരോഗ്യം, സമാധാനം, സന്തോഷം, അനുഗ്രഹം എന്നിവയാൽ ലഭിക്കുന്ന അനുകൂലമായ സ്വാധീനത്തിലൂടെ ലഭിക്കുന്ന വിശ്രമവും മനഃസമാധാനവും ഒരു അവസരമാക്കി കർത്താവിന്റെ ശുശ്രൂഷയിൽ വിവേകപൂർവ്വം സമർപ്പിക്കാനുള്ള പദവിയിൽ സന്തോഷിക്കണം. വിശ്വസിക്കുന്നവരായ നാമല്ലോ സ്വസ്ഥതയിൽ പ്രവേശിക്കുന്നു; എന്നിട്ടും, അപ്പൊസ്തലൻ പ്രസ്താവിച്ചു "ആകയാൽ ദൈവത്തിന്റെ ജനത്തിനു ഒരു ശബ്ബത്തനുഭവം ശേഷിച്ചിരിക്കുന്നു" (എബ്രാ. 4:9).

ഈ ഒരു സദൃശ്യവാക്യം നമുക്കു മനസ്സിൽ സൂക്ഷിക്കാം: ഒരു മനുഷ്യൻ തന്റെ ഹൃദയത്തിൽ ചിന്തിക്കുന്നതുപോലെ ആകുന്നു അവനും! നമ്മുടെ ഹൃദയം നമ്മെ കുറ്റം വിധിക്കുന്നില്ലെങ്കിൽ നമുക്കു ദൈവത്തോടു സമാധാനമുണ്ട്; എന്നാൽ നമ്മുടെ ഹൃദയം നമ്മെ കുറ്റം വിധിക്കുന്നു എങ്കിൽ ദൈവം നമ്മുടെ ഹൃദയങ്ങളെക്കാളും വലിയവനും എല്ലാം അറിയുന്നവനും എന്നു നാം അറിയുന്നു. ഈ സാഹചര്യങ്ങളിൽ നാം തെറ്റിനെക്കുറിച്ച് അനുതപിക്കുകയും ദൈവവുമായി വീണ്ടും യോജിപ്പിലേക്കു വരികയും വേണം. അവിടെ നമുക്കു യഥാർത്ഥ സമാധാനം ആസ്വദിക്കാനാകും. അപ്പൊസ്തലൻ ഇതു ദൃഷ്ടാന്തീകരിച്ചുകൊണ്ടു പറയുന്നു, "നിങ്ങളിൽ ഒരുവൻ തന്റെ നാവിനു കടിഞ്ഞാണിടാതെ തന്റെ ഹൃദയത്തെ വഞ്ചിച്ചുകൊണ്ടു താൻ ഭക്തൻ എന്നു നിരൂപിച്ചാൽ അവന്റെ ഭക്തി വ്യർത്ഥമത്രെ" (യാക്കോ. 1:26). ബാഹ്യമായി അയാൾക്ക് ഭക്തി ഉള്ളതായി തോന്നാം, ഒരു സഭയിൽ പങ്കെടുക്കുന്ന ആളായിരിക്കാം, എന്നാൽ തീർച്ചയായും അവന്റെ ഹൃദയം മാറുന്നതിനനുസരിച്ച്, പരിശുദ്ധാത്മാവിനാൽ അവൻ പുതുക്കപ്പെടുന്നതിനനുസരിച്ച്, കൂടുതൽ സമൃദ്ധമായി പരിശുദ്ധാത്മാവ് അവന്റെ ഹൃദയത്തിൽ വസിക്കുന്നതിനനുസരിച്ച്, അത് അവന്റെ പ്രവർത്തികളെ മാത്രമല്ല, അവന്റെ കാഴ്ചപ്പാടിനെയും വാക്കുകളെയും ബാധിക്കും. അവൻ തന്റെ നാവിനു കടിഞ്ഞാണിടാനും, തന്റെ എല്ലാ വികാരങ്ങൾക്കും കടിഞ്ഞാണിടാനും, തന്റെ മുൻകാല അഭിലാഷങ്ങളും ആഗ്രഹങ്ങളും ഒഴിഞ്ഞു കളയാനും അന്വേഷിക്കും. അതുവഴി ദൈവവചനത്തിലെ കൃപയുടെയും സത്യത്തിന്റെയും അടിസ്ഥാനത്തിൽ നിന്നും ശ്രേഷ്ഠവും ശുദ്ധവും ഏറ്റവും നല്ലതുമായവയാൽ അവൻ നിറയപ്പെടും.

മനസ്സ് അത്തരത്തിൽ ഭരിക്കപ്പെടുന്നത് ഒരു വിജയമാണ്. അത്തരമൊരു വിജയം അതിപ്രധാനമായ കാര്യമാണ്, അത് നമുക്ക് നേടാനാവുന്ന ഏറ്റവും വലിയ വിജയമാണ്. തിരുവെഴുത്തു പ്രഖ്യാപിക്കുന്നതുപോലെ, ജിതമാനസൻ പട്ടണം പിടിക്കുന്നവനിലും ശ്രേഷ്ഠൻ (സദൃശ്യവാക്യങ്ങൾ 16:32). വിശുദ്ധരുടെ മാനസികാരോഗ്യത്തിനായി, നമ്മുടെ വാക്യത്തിൽ അപ്പൊസ്തലൻ നൽകിയ നിർദ്ദേശം, നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം ദൈവത്തിനു പ്രസാദകരവും സ്വീകാര്യവുമായ അളവിലുള്ള നമ്മുടെ സ്വഭാവ വികാസത്തിനു ആവശ്യമായ ആത്മ-അച്ചടക്കമാണ്. ഇവ നാം ചെയ്യുന്നുവെങ്കിൽ, വാഗ്ദത്തം ചെയ്തതുപോലെ നമുക്ക് ഒരു നല്ല സൽക്കീർത്തി ലഭിക്കും.

### "ഇവ ഒക്കെയും ചിന്തിച്ചു കൊൾവിൻ"

ക്രിസ്ത്യാനിയുടെ ചിന്താശീലം അവന്റെ ആത്മീയ പുരോഗതിയുമായോ അധോഗതിയുമായോ വളരെ അധികം ബന്ധപ്പെട്ടിരിക്കുന്നു. നല്ല ചിന്താശീലങ്ങൾ വളരെ ശ്രദ്ധാപൂർവ്വം അവൻ വളർത്തിയെടുക്കേണ്ടതുണ്ട്. നമ്മുടെ മനസ്സ് മുകളിൽ സൂചിപ്പിച്ച കാര്യങ്ങളിലും, ദൈവത്തിന്റെയും, ക്രിസ്തുവിന്റെയും, യോഗ്യന്മാരായ മുൻകാലങ്ങളിലെ വിശുദ്ധന്മാരുടെയും, വരുവാനിരിക്കുന്ന സാർവ്വത്രിക രാജ്യത്തിലെ നമ്മുടെ ഭാവി പ്രവർത്തനങ്ങളുടെ അനുഗ്രഹത്തിലും, ദൈവീകപദ്ധതിയുടെ വ്യാപ്തിയിലും, ഔദാര്യത്തിലും നിലകൊള്ളട്ടെ. നമ്മുടെ മനസ്സുകൾ അവയാൽ നിറയട്ടെ, നമ്മുടെ ഹൃദയങ്ങൾ അവയാൽ പ്രചോദിതമാകട്ടെ. ആരാധനയ്ക്കും സ്തുതിക്കുമായി ഒരുമിച്ചു കൂടുന്നതിലൂടെയും പ്രാർത്ഥനയ്ക്കും വചന പഠനത്തിനുമായി ദൈവത്തോടു വ്യക്തിപരമായി കൂട്ടായ്മ കൂടു

ന്നതിലൂടെയും അധിക ആശ്വാസവും അനുഗ്രഹവും നമുക്കു ലഭിക്കും.

**തക്കസമയത്ത് ദൈവം വെളിപ്പെടുത്തുന്നു**

മത്താ. 10:26-27ൽ നൽകിയിരിക്കുന്ന കാര്യം നമുക്കു ആദ്യം പരിഗണിക്കാം: "മറച്ചു വച്ചതൊന്നും വെളിപ്പെടാതെയും ഗൂഢമായതൊന്നും അറിയാതെയും ഇരിക്കയില്ല. ഞാൻ ഇരുട്ടത്തു നിങ്ങളോടു പറയുന്നതു വെളിച്ചത്തു പറവിൻ; ചെവിയിൽ പറഞ്ഞു കേൾക്കുന്നതു പുരമുകളിൽ നിന്നു ഘോഷിപ്പിൻ".

ദൈവീക സത്യത്തിന്റെ ഭൂരിഭാഗവും മൂടിമറച്ചു വെച്ചിരിക്കുന്നു. അതിനാൽ അതിന്റെ പൂർണ്ണമായ ആശയം എല്ലായ്പ്പോഴും തിരിച്ചറിയാൻ കഴിയില്ല. ബൈബിളിൽ ധാരാളം ചിഹ്നങ്ങളും പ്രതിരൂപങ്ങളും ഉപമകളും ഉണ്ട്. യേശു പലപ്പോഴും ഉപമകളിലൂടെയും ഗൂഢമായ ഭാഷയിലൂടെയും സംസാരിച്ചു. അതിനാൽ അവനെ കേട്ടവർ, സ്വന്തം ശിഷ്യന്മാർ പോലും അവൻ എന്താണ് പറയുന്നതെന്നു നമുക്കു പറയാൻ കഴിയില്ല എന്നു പറഞ്ഞു. യോഹ. 10:16 ഇതു നമ്മെ അറിയിക്കുന്നു: "ഈ സാദൃശ്യം യേശു അവരോടു പറഞ്ഞു; എന്നാൽ തങ്ങളോടു പറഞ്ഞതു ഇന്നതെന്നു അവർ ഗ്രഹിച്ചില്ല". എന്നാൽ തക്കസമയത്ത് എല്ലാം വെളിച്ചത്തു കൊണ്ടുവരുമെന്നു നമ്മുടെ വാക്യം ഉറപ്പു നൽകുന്നു. ആദ്യം മറച്ചു വയ്ക്കപ്പെടുകയും പിന്നീട് ക്രമേണ സത്യത്തെ തുറന്നു കാണിക്കുകയും ചെയ്തുകൊണ്ടു ശുശ്രൂഷ ചെയ്ത നിരവധി വിഷയങ്ങളുണ്ട് : (1) ദൈവത്തിന്റെ പദ്ധതിയുടെ വിജയകരമായ വികാസം; (2) ഉൾപ്പെട്ടിരിക്കുന്ന സമയ ദൈർഘ്യം നിമിത്തം അവന്റെ മക്കളെ പ്രത്യാശയില്ലായ്മയിൽ നിന്നും രക്ഷിക്കുന്നത്; (3) വിശ്വാസികൾക്കുള്ള വിശ്വാസത്തിന്റെ പരിശോധന.




ദൈവത്തിന്റെ സത്യത്തിന്റെ വെളിപ്പെടുത്തൽ യുഗായുഗങ്ങളിൽ ക്രമേണ പുരോഗമിച്ചു വരുന്നു. എല്ലാ യുഗങ്ങളിലും അവന്റെ വിശ്വസ്തർക്കു സത്യത്തിന്റെ മതിയായ വെളിപ്പെടുത്തൽ ഉണ്ടായിരുന്നു. ഭാവി കാര്യങ്ങളെക്കുറിച്ചുള്ള അത്തരം അറിവ് അവരെ പ്രോത്സാഹിപ്പിക്കുകയും അവന്റെ പദ്ധതിയുടെ പുരോഗതിയിൽ തങ്ങളുടെ പങ്ക് നിർവ്വഹിക്കാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യും. സത്യം ഒരിക്കൽ വെളിച്ചത്തു കൊണ്ടുവരികയോ, വിശദീകരിക്കുകയോ ചെയ്താൽ, അത് അപ്പോൾ തന്നെ അതിന്റെ ഉദ്ദേശ്യം നിറവേറ്റുക മാത്രമല്ല ചെയ്യുന്നത്, അതു നിധി പോലെ സൂക്ഷിക്കുകയും, തുടർന്നുള്ള തലമുറകൾക്കായി രേഖപ്പെടുത്തുകയും വേണം, അങ്ങനെ അതു നഷ്ടമാകുകയോ മറയ്ക്കുകയോ ചെയ്യരുത് എന്നതും ദൈവത്തിന്റെ പദ്ധതിയുടെ ഭാഗമാണ്. അതിനാൽ, ഓരോ കാലഘട്ടത്തിലെയും ദൈവദാസന്മാർ തങ്ങളുടെ കഴിവിനും അവസരത്തിനും അനുസൃതമായി, അവരുടെയും തുടർന്നുള്ള തലമുറകളുടെയും കാര്യത്തിൽ തങ്ങൾ സത്യത്തിനു സാക്ഷ്യം നിൽക്കേണ്ടത് എങ്ങനെയെന്നു പഠിപ്പിച്ചു. പിതാക്കന്മാർ, പ്രവാചകന്മാർ, യേശു, അപ്പൊസ്തലന്മാർ, അവിടുത്തെ ഏഴു നക്ഷത്രാംഗങ്ങളിലെ മറ്റുള്ളവർ, സുവിശേഷ യുഗത്തിൽ ഉടനീളമുള്ള സഭയുടെ ഏഴു ഘട്ടങ്ങളിലുള്ള തന്റെ പ്രത്യേക ദൂതന്മാർ (വെളി. 1:16,20), ഇവരോടൊപ്പം ക്രിസ്തുവിന്റെ മറ്റു സ്ഥാനാപതികളായിരിക്കുന്നവരും (2 കൊരി. 5:20) ആയ കഴിഞ്ഞ കാല വിശ്വസ്ത സാക്ഷികളിലൂടെ പകർന്നു തന്ന ദൈവവചനത്തെക്കുറിച്ചുള്ള അറിവ് നമുക്കുണ്ട്. നമ്മുടെ വാക്യത്തിലെ അവസാന നിബന്ധന അവർക്കു വന്ന അതേ നിയോഗത്തിൽ നമുക്കും വരുന്നു. അനുഗ്രഹീതമായ അറിവിനൊപ്പം അതു മറ്റുള്ളവരെ അറിയിക്കുവാനുള്ള ഉത്തരവാദിത്തം എപ്പോഴും വരുന്നു. അതിൽ വിശ്വസ്തരായിരിക്കുവാൻ നമുക്കെല്ലാവർക്കും ശ്രമിക്കാം!

സദൃ. 4:18 ൽ നാം ഇപ്രകാരം വായിക്കുന്നു: "നീതിമാന്മാരുടെ പാതയോ പ്രഭാതത്തിന്റെ വെളിച്ചം പോലെ; അതു നട്ടുച്ചവരെ അധികമധികം ശോഭിച്ചു വരുന്നു". ഭൂമിയിൽ സ്ഥാപിതമാകുന്ന കർത്താവിന്റെ രാജ്യത്തിന്റെ മഹത്തായ ദിവസം, തിരുവെഴുത്തുകളിൽ ധാരാളമായി പ്രവചിച്ചിരിക്കുന്ന സഹസ്രാബ്ദ ദിനം, സമൃദ്ധമായ അല്ലെങ്കിൽ പൂർണ്ണമായ ആ ദിനം ഇതുവരെ വന്നിട്ടില്ല. അതിനാൽ സത്യം വെളിപ്പെട്ടുകൊണ്ടേയിരിക്കുന്നു, അതിൻപ്രകാരം




“വെളിച്ചത്തിൽ നടക്കുന്നവർക്ക്” തെളിച്ചവും തിളക്കവും നൽകുന്നു. തന്നെ ബഹുമാനിക്കുന്നവർക്ക് ദൈവം എത്ര അത്ഭുതകരമായി തന്റെ രഹസ്യങ്ങൾ വെളിപ്പെടുത്തുകയും വെളിപ്പെടുത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു (സങ്കീ. 25:14). അവർക്ക് പ്രത്യേകമായി എന്തെങ്കിലും ആവശ്യമുള്ള സമയങ്ങളിൽ തക്കസമയത്ത് അതു നൽകുന്നു. നൽകിയിരിക്കുന്ന സത്യത്തിന്റെ പുതിയ സവിശേഷതകൾ ഒരിക്കലും ജനകീയമായിരുന്നില്ല, അതിനു സാക്ഷ്യം വഹിക്കുമ്പോൾ അവന്റെ ദാസന്മാരുടെ വിധേയത്വവും വിശ്വസ്തതയും എപ്പോഴും അവൻ പരീക്ഷിച്ചു പോന്നു. ഉദാ. ദുഷ്ടരായ മനുഷ്യവർഗ്ഗത്തെ നശിപ്പിക്കുന്ന വരുവാനിരിക്കുന്ന പ്രളയത്തെക്കുറിച്ചുള്ള സത്യം നോഹയ്ക്ക് ആവശ്യമായിരുന്നു. വിശ്വാസത്താൽ അവൻ ആ സന്ദേശം സ്വീകരിക്കുകയും അനുസരണയോടെ പെട്ടകം പണിയുകയും ചെയ്തു. എന്നാൽ 120 വർഷമായി (എബ്രാ. 11:7; 2 പത്രൊ. 2:5; ഉല്പ. 6:3) അവൻ മറ്റുള്ളവരോടു പ്രസംഗിക്കുന്നതു ജനകീയമായിരുന്നില്ല. കാരണം സ്വന്തം കുടുംബത്തിൽ നിന്നുമല്ലാതെ മറ്റാരെയും അവനു പരിവർത്തനം ചെയ്യുവാൻ സാധിച്ചില്ല.

അബ്രഹാമിനു നോഹയ്ക്കു നൽകപ്പെട്ടതിനേക്കാൾ കൂടുതൽ സത്യം ആവശ്യമായിരുന്നു; അതിനാൽ അവൻ നോഹ നടന്നതിനേക്കാൾ വെളിച്ചത്തിൽ നടന്നു. മോശെക്കും യിസ്രായേല്യർക്കും ഇനിയും കൂടുതൽ സത്യം ആവശ്യമായിരുന്നു, ദൈവം അതവർക്കു നൽകി, അതു ഇപ്പോഴും ജനകീയമല്ലെന്നു തെളിയിക്കുകയും അവയെ വിശ്വസ്തതയോടെ മുറുകെ പിടിക്കുന്നവർക്കു പീഡകൾ വരുത്തുകയും ചെയ്തു. ഉദാഹരണത്തിനു, ഈജിപ്തുകാരിൽ നിന്നുമുള്ള അവരുടെ അനുഭവങ്ങൾ, മരുഭൂമിയിലെ അവരുടെ ശത്രുക്കൾ തുടങ്ങിയവ ശ്രദ്ധിക്കുക. ദൈവത്തിന്റെ പദ്ധതി വികസിപ്പിക്കുന്നതിനും അവന്റെ വിശ്വസ്തരുടെ വിശ്വാസം പരീക്ഷിക്കുന്നതിനുമായി, ആവശ്യാനുസരണം നൽകപ്പെട്ട, പ്രവാചകന്മാരിലൂടെ സത്യം കൂടുതൽ വെളിപ്പെട്ടു (എബ്രാ. 11:32-40).

സുവിശേഷയുഗ കാലയളവിലെ ദൈവജനത്തിന്റെ ചരിത്രവും ഇതിനോടു സാമ്യമുള്ളതാണ്. യേശു “സുവിശേഷം കൊണ്ടു ജീവനും അക്ഷയതയും വെളിപ്പെടുത്തി” (2 തിമൊ. 1:10) എന്ന ഈ സന്ദേശം അതിന്റെ ലാളിത്യത്തിലും കൂടുതൽ കൂടുതൽ വിശദാംശങ്ങളിലും വെളിപ്പെടുത്തിയതുപോലെ ഇന്നും ഉപദ്രവം (2 തിമൊ. 2:10-13) കൊണ്ടു വന്നു. അപ്പൊസ്തലന്മാർ യഹൂദന്മാരാൽ പീഡിപ്പിക്കപ്പെട്ടു; ആദ്യകാല ക്രിസ്ത്യാനികൾ പുറജാതീയ റോമിനാലും, പിൽക്കാല ക്രിസ്ത്യാനികൾ റോമൻ പാപ്പാത്വത്താലും പീഡിപ്പിക്കപ്പെട്ടു. പലരും കല്ലറകളിലേക്കു പറഞ്ഞയക്കപ്പെട്ടു, മറ്റു പലരേയും സുരക്ഷയ്ക്കായി പർവ്വതങ്ങളിലേക്കും മരുഭൂമിയിലേക്കും ആട്ടിയോടിച്ചു. മറ്റുള്ളവരെ നിഷ്ക്കരുണം, പറഞ്ഞറിയിക്കാനാകാത്ത വിധം പീഡിപ്പിക്കുകയും ജീവനോടെ ചുട്ടുകളയുകയും ചെയ്തു., ഓരോരുത്തരും ദൈവത്തിൽ നിന്നും കൂടുതൽ വെളിച്ചം സ്വീകരിക്കുകയും മറ്റുള്ളവരുടെ മുമ്പാകെ വിശ്വസ്തതയോടെ സാക്ഷ്യം വഹിക്കുകയും ചെയ്തപ്പോൾ അവരുടെ വിശ്വാസം പരീക്ഷിക്കപ്പെടുകയായിരുന്നു. അത് ഇപ്പോഴും അങ്ങനെതന്നെ ആകുന്നു.

അവർ നിങ്ങളെ ഉപദ്രവിക്കുമെന്നു നമ്മുടെ കർത്താവു തന്റെ അനുയായികളോടു പറഞ്ഞു: “അവർ നിങ്ങളെ പള്ളിഭ്രഷ്ടർ ആക്കും; അത്രയുമല്ല, നിങ്ങളെ കൊല്ലുന്നവർ എല്ലാം ദൈവത്തിനു വഴിപാടു കഴിക്കുന്നു എന്നു വിചാരിക്കുന്ന നാഴിക വരുന്നു. അവർ പിതാവിനെയും എന്നെയും അറിയായ്കകൊണ്ടു ഇങ്ങനെ ചെയ്യും.” (യോഹ. 16:2,3). എന്നിരുന്നാലും, എല്ലാ പീഡനങ്ങളും പുറത്താക്കലിലൂടെയും (യെശ. 66:5) അക്രമത്തിലൂടെയും ഉണ്ടായിട്ടില്ല, അതിൽ ഭൂരിഭാഗവും നാവിന്റെ ദുരുപയോഗത്താലാണ് വന്നിട്ടുള്ളത് (സങ്കീ. 64:3). ഈ വിഷയത്തിൽ നമ്മുടെ കർത്താവു തന്റെ വിശ്വസ്താനുയായികളെ പ്രോത്സാഹിപ്പിച്ചതിനെക്കുറിച്ച് ഇങ്ങനെ പറയുന്നു, “നീതി നിമിത്തം ഉപദ്രവിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവർക്കുള്ളത്. എന്റെ നിമിത്തം

നിങ്ങളെ പഴിക്കുകയും ഉപദ്രവിക്കുകയും നിങ്ങളെക്കൊണ്ടു എല്ലാ തിന്മയും കളവായി പറകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ. സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതാക കൊണ്ട് സന്തോഷിച്ചുല്ലസിപ്പിൻ; നിങ്ങൾക്കു മുമ്പെയുണ്ടായിരുന്ന പ്രവാചകന്മാരെയും അവർ അങ്ങനെതന്നെ ഉപദ്രവിച്ചുവല്ലോ (മത്താ. 5:10-12).

യോഹന്നാൻ 12:35 ൽ നൽകിയിരിക്കുന്ന ജ്ഞാനമാണ് നാം അടുത്തതായി കണ്ടെത്താൻ പോകുന്നത്: "അതിന്നു യേശു അവരോടു: ഇനി കുറെക്കാലം മാത്രം വെളിച്ചം നിങ്ങളുടെ ഇടയിൽ ഇരിക്കും; ഇരുൾ നിങ്ങളെ പിടിക്കാതിരിപ്പാൻ നിങ്ങൾക്കു വെളിച്ചം ഉള്ളിടത്തോളം നടന്നുകൊൾവിൻ. ഇരുളിൽ നടക്കുന്നവൻ താൻ എവിടെ പോകുന്നു എന്നു അറിയുന്നില്ലല്ലോ". ദൈവിക നിയമ-ദാതാവ് നിശ്ചയിച്ചിട്ടുള്ളതും ബൈബിളിൽ രേഖപ്പെടുത്തപ്പെട്ടതുമായ പാപത്തിനുള്ള ശിക്ഷയുമായി ബന്ധപ്പെട്ടു പുരോഹിതന്മാർ, ദൈവശാസ്ത്രജ്ഞർ, ദൈവിക ശാസ്ത്രത്തിൽ ഡോക്ടറേറ്റ് ബിരുദമെടുത്തവർ, സാധാരണക്കാർ, വിശുദ്ധന്മാർ, പാപികൾ എന്നിവരുടെ പ്രസംഗം, എഴുത്ത്, അച്ചടി, തർക്കം എന്നിവയ്ക്കു ശേഷവും ചുറ്റുമുള്ള അന്ധകാരത്തെ അകറ്റാൻ തത്വചിന്തയിൽ നിന്നോ പ്രകൃതിയിൽ നിന്നോ യുക്തിയിൽ നിന്നോ പുറപ്പെടുന്നതിനേക്കാൾ തിളക്കമുള്ള പ്രകാശം നമുക്കു ലഭിക്കാത്ത പക്ഷം ആ ചോദ്യം ഇപ്പോഴും തുറന്നു തന്നെ ഇരിക്കുന്നു. അതു അങ്ങനെ നിലനിൽക്കുകയും ചെയ്യും. ഭാഗ്യവശാൽ ദൈവം തന്റെ പുത്രനെക്കുറിച്ചു നൽകിയ സാക്ഷ്യം വിശ്വസിക്കുന്ന എല്ലാവരെയും, ലോകത്തിലേക്കു വരുന്ന എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചം, പ്രകാശിപ്പിക്കുകയും നട്ടുച്ചവരെ അധികമധികം ശോഭിപ്പിക്കുകയും ചെയ്യുന്നു.

"നിന്റെ വചനങ്ങളുടെ വികാശനം പ്രകാശപ്രദമാകുന്നു; അത് അല്പബുദ്ധികളെ ബുദ്ധിമാന്മാരാക്കുന്നു" (സങ്കീ. 119:130). നമ്മുടെ പാദങ്ങൾക്കു ദീപവും, നമ്മുടെ പാതയ്ക്കു പ്രകാശവുമായ ഈ ദിവ്യപ്രകാശത്താൽ ഈ കനത്ത ഇരുട്ടിൽ നിന്നും ദൈവത്തിന്റെ മഹത്വത്തിന്റെ അറിവിന്റെ വെളിച്ചത്തിലേക്കു നടക്കാൻ നമുക്കു ശ്രമിക്കാം. ഏഴു പൊൻ നിലവിളക്കുകളുടെ നടുവിൽ നടക്കുന്നവന്റെ മുഖം, കൃപയും സത്യവും നിറഞ്ഞതായി, അതിന്റെ ശക്തിയിൽ പ്രകാശിക്കുന്ന സൂര്യനെപ്പോലെയാണ്.

സിദ്ധാന്തങ്ങൾക്കിവിടെ പ്രസക്തിയില്ല. മുൻവിധിയുള്ള അഭിപ്രായങ്ങൾ ഉപേക്ഷിക്കണം. മുൻവിധികൾ തന്നെ ഒഴിവാക്കണം. വിശ്വാസപ്രമാണങ്ങൾ വിഭാഗങ്ങൾക്കു മാത്രമുള്ളതാണ്. ദൈവശാസ്ത്രങ്ങൾ അവ ഉണ്ടാക്കുന്നവർക്കുള്ളതാണ്. അജ്ഞർക്കും മതഭ്രാന്തന്മാർക്കും ഉള്ളതാണ് അന്ധവിശ്വാസങ്ങൾ. സത്യത്തിനു മാത്രമേ നമ്മെ സ്വതന്ത്രരാക്കാൻ കഴിയൂ; പുത്രൻ നമ്മെ സ്വതന്ത്രരാക്കിയാൽ നാം "സാക്ഷാൽ സ്വതന്ത്രരാകും". തെറ്റ് നമ്മെ അടിമകളാക്കുന്നു. നമുക്കാവശ്യമുള്ളതു സത്യമാണ്. ബൈബിൾ സത്യങ്ങൾക്കു മാത്രമേ ഈ ശിക്ഷാവിധിയുള്ള ചോദ്യം പരിഹരിക്കാൻ കഴിയൂ; മറ്റൊന്നിനും കഴിയില്ല. "മറഞ്ഞിരിക്കുന്ന കാര്യങ്ങൾ നമ്മുടെ ദൈവമായ യഹോവയ്ക്കുള്ളതത്രേ; വെളിപ്പെട്ടിരിക്കുന്നവയോ നാം ഈ ന്യായപ്രമാണത്തിന്റെ സകല വചനങ്ങളും അനുസരിച്ചു നടക്കേണ്ടതിനു എന്നേക്കും നമുക്കും നമ്മുടെ മക്കൾക്കും ഉള്ളവയാകുന്നു". അനീതിയിൽ സത്യത്തെ മുറുകെ പിടിക്കുന്ന മനുഷ്യരുടെ സകല അഭക്തിക്കും അനീതിക്കും എതിരെ ദൈവത്തിന്റെ ക്രോധം സ്വർഗ്ഗത്തിൽ നിന്നു വെളിപ്പെടുന്നു.

ദൈവത്തിന്റെ സമ്പൂർണ്ണ ജ്ഞാനം, നീതി, സ്നേഹം, ശക്തി എന്നിവയുടെ പ്രകടനമാണ് തക്കകാല (എപ്പിഫനി) സത്യത്തിലൂടെ വെളിപ്പെടുത്തിയിരിക്കുന്നത്, അതിന്റെ ആത്മാവ് അത്യധികം ഉജ്ജ്വലവും സമൃദ്ധവും ആഴമേറിയതും മനസ്സിലാക്കാൻ പ്രയാസമുള്ളതും ആയിത്തീർന്നു. ആദ്യം ദൈവജനത്തിന്റെ പ്രധാന നേതാക്കൾക്കുപോലും അതു പൂർണ്ണമായി ഗ്രഹിക്കുവാൻ കഴിഞ്ഞില്ല. ഈ സത്യത്താൽ അവർക്കു സഹോദരന്മാരെ ശുശ്രൂഷിക്കാൻ കഴിഞ്ഞില്ല. പർവ്വതത്തിൽ നിന്നും ഇറങ്ങുമ്പോൾ മോശെയുടെ മുഖം തിളങ്ങുന്നതുമായി ബന്ധപ്പെട്ട് സമാനമായ ഒരു ചിന്തയാണ് ഇവിടെ കാണുന്നത് – പുറ. 34:29 – എന്തുകൊണ്ടെന്നാൽ സത്യം ആദ്യമായി, അതു നൽകപ്പെടുന്ന സഹോദരന്മാർക്കു മുന്നിൽ അവതരിപ്പിക്കുമ്പോൾ സത്യത്തിന്റെ അസാമാന്യ വെളിച്ചം ഉണ്ടാകുന്നു എന്നതാണ് ഇതിന്റെ പൊരുൾ. ആദ്യം ദൂതന്മാർക്കു പോലും പൂർണ്ണമായി മനസ്സിലാക്കാൻ കഴിയാതിരുന്ന പ്രധാന എപ്പിഫനി സത്യത്തിൽ വെളിപ്പെടുന്ന ദൈവത്തിന്റെ മഹത്തായ സ്വഭാവത്തിന്റെ പ്രകടനമാണ് ഇത്. ബ്രദർ ജോൺസന്റെ പ്രഭാഷണങ്ങളിലൂടെയും പഠിപ്പിക്കലുകളിലൂടെയും അടിസ്ഥാന വെളിപ്പെടുത്തലിലൂടെയും ചുരുളഴിഞ്ഞത് ഇപ്രകാരമാണ്. ചുരുളഴിയുന്ന എപ്പിഫനി സത്യത്തിൽ പ്രകടമാകുന്ന ദൈവത്തിന്റെ സാന്നിദ്ധ്യത്തി

ന്റെ അതിശക്തവും വിസ്മയിപ്പിക്കുന്നതുമായ ഈ തെളിവിനു ഉത്തരമെന്നോണം, ബ്രദർ ജോൺസൻ കർത്താവിന്റെ എപ്പിഫനി കാര്യനിർവ്വാഹകനും മുഖപത്രവുമായി, പ്രധാനമായും അക്കാലത്തെ തന്റെ പ്രഭാഷണങ്ങളിലൂടെ (പിന്നീട് അദ്ദേഹത്തിന്റെ രചനകളിലൂടെ) യഹോവ തന്നെതന്നെ അഗോചരനും മനസ്സിലാക്കുവാൻ കഴിയാത്തവനുമെന്നു പ്രഖ്യാപിക്കുന്നുവെന്നും സാക്ഷ്യപ്പെടുത്തി. എന്നിരുന്നാലും നമ്മുടെ വലിയവനായ യഹോവ തന്റെ സമർപ്പിതരായ മക്കളെ, തിരഞ്ഞെടുത്ത അനേകം പാത്രങ്ങളിലൂടെ, പ്രത്യേകിച്ച് പാസ്റ്റർമാരായ റസ്സൽ, ജോൺസൺ, ജോളി എന്നിവരിലൂടെ തന്റെ എഴുതപ്പെട്ട വചനം മനസ്സിലാക്കുവാൻ തക്കവണ്ണം അനുഗ്രഹിച്ചിരിക്കുന്നു.




നമ്മൾ ഒരു രഹസ്യത്തെക്കുറിച്ചാണ് സംസാരിക്കുന്നത്, രഹസ്യം വെളിപ്പെടാനുള്ള സമയമാകുന്നതുവരെ നിശബ്ദത പാലിക്കുന്ന ഒന്നാണെന്നു മനസ്സിലാക്കുന്നതിൽ നാം മുൻതൂക്കം കൊടുക്കണം! ദൈവദാസന്മാരുടെ പഠിപ്പിക്കലുകൾ നല്ല ശ്രദ്ധയോടെയും "മനസ്സിന്റെ സകല ഉത്സാഹത്തോടെയും" സ്വീകരിക്കേണ്ടതാണ്, തുടർന്ന് ഓരോ സമർപ്പിത വ്യക്തിയും അത്തരം പഠിപ്പിക്കലുകൾ ഉണ്ടോ എന്നും അതു ബൈബിളിനോടു പൊരുത്തപ്പെട്ടിരിക്കുന്നുവോ എന്നും "ദിവസവും" തിരുവെഴുത്തുകളെ ശോധന ചെയ്യേണം. നാം "ആത്മാക്കളെ [ഉപദേശങ്ങൾ] ശോധന ചെയ്യേണം"; "സകലവും ശോധന ചെയ്യു; നല്ലതു മുറുകെ പിടിക്കേണം" (1 യോഹ. 4:1; 1 തെസ്സ. 5:21). ഉത്സാഹത്തോടെയും ശ്രദ്ധയോടെയും അന്വേഷിക്കുന്നതിലൂടെ മറ്റുള്ളവരിൽ (മന്ദഗതിയിലുള്ള ശ്രോതാക്കൾ) നിന്നും മറഞ്ഞിരിക്കുന്ന നിധികളായ സത്യത്തിന്റെ വിലയേറിയ "വെള്ളി" (മത്താ. 7:7) നമുക്കു കണ്ടെത്താനാകും. ദൈവത്തിന്റെ "വിശ്വാസത്തിന്റെയും ആരാധനയുടെയും സമ്പ്രദായം" നമ്മൾ കണ്ടെത്തുകയും ക്രമേണ പഠിപ്പിക്കുകയും ചെയ്യും. എന്നാൽ അവന്റെ തക്ക സമയമാകാത്തതിനാൽ വളരെ പൂർണ്ണമായും സൂക്ഷ്മമായും മറച്ചു വെച്ചിട്ടുള്ളതു [പുരോഗമനസത്യം] മാത്രമേ നമുക്കു കണ്ടെത്തുവാൻ ആകാത്തതായി ഉണ്ടായിരിക്കുകയുള്ളു. ആവർത്തനം 29:28, "മറഞ്ഞിരിക്കുന്ന കാര്യങ്ങൾ നമ്മുടെ ദൈവമായ യഹോവയ്ക്കുള്ളവയത്രേ; വെളിപ്പെട്ടിരിക്കുന്നവയോ നാം ഈ ന്യായപ്രമാണത്തിന്റെ സകല വചനങ്ങളും അനുസരിച്ചു നടക്കേണ്ടതിനു എന്നേക്കും നമുക്കും നമ്മുടെ മക്കൾക്കും ഉള്ളവയാകുന്നു". [വിളിക്കപ്പെട്ടവരായ, തിരഞ്ഞെടുക്കപ്പെട്ടവരും മുഴുസമർപ്പിതരുമായ ദൈവമക്കൾക്ക്] റോമ. 16:25; കൊലൊ. 1:26 എന്നിവയും നോക്കുക.

എന്നാൽ ജിജ്ഞാസുക്കളായ മനസ്സുകൾ ചോദിച്ചേക്കാം, നാം സത്യം അറിയുന്നത് ശരിയാണെങ്കിൽ ദൈവം എന്തിനാണ് അതു മറച്ചുവച്ചത്? ഞങ്ങൾ ഉത്തരം നൽകുന്നത്: ഈ സമയത്ത് എല്ലാവരും അത് അറിയണമെന്നു ദൈവം ആഗ്രഹിക്കുന്നില്ല (റോമ. 11:32 താരതമ്യം ചെയ്യുക), കാരണം ഈ ലോകജ്ഞാനികൾ ഈ സമയത്തുള്ള യഥാകാലസത്യം സ്വീകരിക്കാനും പ്രയോജനം നേടാനും തക്ക വിനയമുള്ളവരല്ല; അവരെ സംബന്ധിച്ചിടത്തോളം, ദൈവവചനത്തെക്കുറിച്ചുള്ള വർദ്ധിച്ച ജ്ഞാനം ഇപ്പോൾ അവരുടെ കുറ്റബോധവും ദോഷങ്ങളും വർദ്ധിപ്പിക്കും; അതിനാൽ ദൈവം അത് അവരിൽ നിന്നും മറച്ചു വെക്കുന്നു. യേശു പറഞ്ഞു, "പിതാവേ, സ്വർഗ്ഗത്തിനും ഭൂമിക്കും കർത്താവായുള്ളോവേ, നീ ഇതു [ലോകത്തിലെ] ജ്ഞാനികൾക്കും വിവേകികൾക്കും മറച്ചു ശിശുക്കൾക്കു [താഴ്മയും, വിനയവും, വിശ്വസ്തതയും ഉള്ളവർക്കു, മത്താ. 18:3,4) വെളിപ്പെടുത്തിയതു കൊണ്ടു ഞാൻ നിന്നെ വാഴ്ത്തുന്നു (മത്താ. 11:25; ലൂക്കൊ. 10:21).

ഉത്സാഹത്തോടെയുള്ള അന്വേഷണത്തിന്റെ ഫലമായി മാത്രമേ സത്യം [യഥാകാല സത്യം] കണ്ടെത്താനാകൂ; താഴെപ്പറയുന്ന യോഗ്യതകൾ ഉള്ളവർ മാത്രമേ അതു കണ്ടെത്തുകയും നിലനിർത്തുകയും ചെയ്യുന്നുള്ളു; ഭക്തി (സങ്കീ. 25:14;111:10). ശരിയായ വിനയം (യാക്കോബ് 4:6; 1 പത്രൊ. 5:5,6), സൗമ്യത (സങ്കീ. 25:9), നീതിക്കു വേണ്ടിയുള്ള വിശപ്പും ദാഹവും (മത്താ. 5:6), സത്യസന്ധതയും ഹൃദയത്തിന്റെ നന്മയും (ലൂക്കൊ. 8:15), വിശുദ്ധി

"ശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയില്ല" (എബ്രാ. 12:14; മത്താ. 5:8; സങ്കീ. 97:11). ഉത്സാഹത്തോടെ അന്വേഷിപ്പാൻ താത്പര്യവും ആത്മാർത്ഥതയും ഉള്ളവർക്കു മാത്രമേ ദൈവവചനത്തിന്റെ വിലയേറിയ ജ്ഞാനം കണ്ടെത്താൻ കഴിയൂ, "ശുദ്ധമായ വാക്കുകൾ: നിലത്തു ഉലയിൽ ഉരുക്കി ഏഴു പ്രാവശ്യം ശുദ്ധി ചെയ്ത വെള്ളി പോലെ തന്നെ" ഉള്ളവയാകുന്നു (സങ്കീ. 12:6), "അതിന്റെ സമ്പാദനം വെള്ളിയുടെ സമ്പാദനത്തിലും അതിന്റെ ലാഭം തങ്കത്തിലും നല്ലതു" (സദൃ. 3:13-15).

ഇതിൽ കൂടുതൽ എന്താണ് നമുക്കു വേണ്ടത്? എന്ന ചോദ്യം ഇത് ഉയർത്തുന്നു. ഉത്സാഹത്തോടെയും ശരിയായ മനോഭാവത്തോടെയും തിരഞ്ഞവർക്ക് അവരുടെ നാളിൽ [യഥാകാല സത്യം] ആവശ്യമായത് അറിയുവാൻ സാധിച്ചു. എന്നാൽ നമ്മുടെ കാലത്ത് [അഭിവൃദ്ധിപ്പെട്ടു മുന്നേറുന്ന സത്യം] അറിയിക്കാൻ മാത്രം പര്യാപ്തമായിരുന്നില്ല ഇവ, നോഹയുടെ കാലത്തെ സത്യത്തെക്കാൾ കൂടുതൽ ആവശ്യമാകുമായിരുന്നു അബ്രഹാമിന്, അല്ലെങ്കിൽ സ്നാപക യോഹന്നാന് അവരുടെ കാലത്തെ സത്യം മതിയാകുമായിരുന്നു, അതുമല്ലെങ്കിൽ അമേരിക്ക കണ്ടെത്തിയ കാലത്തു ലോകത്തിലുണ്ടായിരുന്ന സ്വർണ്ണവും വെള്ളിയും ലോകത്തിനു മതിയായതായിരുന്നു, ഇന്നത്തെ ലോകത്തിനും അതു മതിയാകും. നമ്മുടെ പിതാക്കന്മാർ ദൈവവചനമാകുന്ന സത്യത്തിനായി അതേ ഖനിയിൽ പ്രവർത്തിച്ചു, എന്നാൽ അവരുടെ വിതരണം തീർന്നില്ല – ദൈവത്തിനു നന്ദി!

തന്റെ വിളിക്കപ്പെട്ട, തിരഞ്ഞെടുക്കപ്പെട്ട, വിശ്വസ്തരായ മക്കളോടു, തന്റെ വചനത്താൽ വിശുദ്ധീകരിക്കപ്പെട്ടവരോടു സർവ്വ കാരുണ്യവാനായ ദൈവം കൃപയുള്ളവനാണ്. തിരഞ്ഞെടുക്കപ്പെട്ട ദാസന്മാർ മുഖേന നൽകപ്പെട്ട ദൈവവചനത്തിന്റെ പഠിതാവായി സമർപ്പിക്കപ്പെട്ട ദൈവപൈതൽ മാറുമ്പോൾ, ദൈവത്തിന്റെ ആഴമേറിയ കാര്യങ്ങളെക്കുറിച്ചുള്ള ഗ്രാഹ്യം അവനു ലഭിക്കുന്നു – (ആവ. 29:29). ഹബക്കൂക്ക് 2:2ൽ നാം ഇങ്ങനെ വായിക്കുന്നു, "ദർശനം എഴുതുക, അതു തെളിവായി വരയ്ക്കുക" [തക്കകാല സത്യം]. വാക്യം 3 "ദർശനത്തിനു ഒരു അവധി വെച്ചിരിക്കുന്നു" [ഒരു നിശ്ചിതമായ സമയം വെച്ചിരിക്കുന്നു – യഥാകാല സത്യം]. നമുക്കിനി സുവിശേഷയുഗ അരിക്കൽ, പറൂസിയ അരിക്കൽ, എപ്പിഫനിയിലെ സമാന്തര അരിക്കൽ എന്നിവ പരിഗണിക്കാം.

**ഊർജ്ജസ്വലമായ ഒരു പ്രാർത്ഥന ജീവിതത്തിൽ ഉൾപ്പെടുന്നു**

**സ്തുതി**

**ദൈവം ആരാണെന്നറിഞ്ഞ് ദൈവത്തിന് മഹത്വം കൊടുക്കുക! നിങ്ങളുടെ പ്രാർത്ഥനകൾ സ്തുതിയോടെ ആരംഭിക്കുക!**

**"യഹോവയെ സ്തുതിപ്പിൻ! എൻ മനമേ, യഹോവയെ സ്തുതിക്ക! ജീവനുള്ളിടത്തോളം ഞാൻ യഹോവയെ സ്തുതിക്കും; ഞാൻ ഉള്ള കാലത്തോളം എന്റെ ദൈവത്തിനു കീർത്തനം ചെയ്യും"– സങ്കീർത്തനം 146:1-2**

**പശ്ചാത്താപം**

**ക്ഷമയും നിങ്ങളുടെ വഴികളിൽ നിന്നും അനുതപിക്കുന്നതിനുള്ള ശക്തിക്കു വേണ്ടി യാചിക്കുക.**

**"ദൈവമേ നിന്റെ ദയയ്ക്കു തക്കവണ്ണം എന്നോടു കൃപ ഉണ്ടാകേണമേ; നിന്റെ കരുണയുടെ ബഹുത്വപ്രകാരം എന്റെ ലംഘനങ്ങളെ മായിച്ചു കളയേണമേ. എന്നെ നന്നായി കഴുകി എന്റെ അകൃത്യം പോക്കേണമേ; എന്റെ പാപം നീക്കി എന്നെ വെടിപ്പാക്കേണമേ". – സങ്കീർത്തനം 51:1-2**

**അപേക്ഷ**

**കർത്താവു നിങ്ങളുടെ ഹൃദയത്തിൽ എന്താണ് വെച്ചിരിക്കുന്നത്?**

**കർത്താവിനോടു അപേക്ഷിക്കുക, ദൈവത്തിന്റെ സമാധാനം നിങ്ങളുടെ ഹൃദയത്തെയും മനസിനെയും കാത്തു സൂക്ഷിക്കട്ടെ.**

**"ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്; എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടു കൂടെ ദൈവത്തോടു അറിയിക്കുകയത്രേ വേണ്ടതു – ഫിലി. 4:6**

**സമർപ്പിക്കുക**

**ദൈവത്തിന്റെ ക്രമത്തിലും അവിടുത്തെ സമയത്തിലും ഉത്തരം ലഭിക്കാൻ നിങ്ങളുടെ പ്രാർത്ഥനകൾ ദൈവത്തിനു സമർപ്പിക്കുക. ദൈവത്തിന്റെ ഇഷ്ടത്തിനു വഴങ്ങുക. അവിടുത്തെ ശബ്ദത്തിനു കാതോർക്കുക.**

**"യഹോവയ്ക്കായി കാത്തിരിക്കുക! ധൈര്യപ്പെട്ടിരിക്ക. നിന്റെ ഹൃദയം ഉറെച്ചിരിക്കട്ടെ; അതെ, യഹോവയിങ്കൽ പ്രത്യാശ വെക്കുക". – സങ്കീർത്തനം 27:14,**

ഈ വേലയിലൂടെ യഹോവ അംഗീകരിക്കാത്തവരെ അരിച്ചു മാറ്റുക മാത്രമല്ല, അവന്റെ ഗോതമ്പും കളകളും തമ്മിലുള്ള വ്യത്യാസങ്ങൾ, അവന്റെ വിശ്വസ്തരും രണ്ടാം മരണത്തിന്ന വിധേയരായവരും തമ്മിലുള്ള വ്യത്യാസങ്ങൾ അല്ലെങ്കിൽ പറൂസിയ എപ്പിഫനി സത്യത്തേയും അതിന്റെ ആത്മാവിനേയും പിടിച്ചുകൊണ്ടവരായ നല്ല ലേവ്യരും അതിന്ന എതിരായിരുന്നവരും തമ്മിലുള്ള വ്യത്യാസങ്ങൾ തുറന്നു കാണിച്ചുകൊണ്ട് യഹോവ അംഗീകരിച്ചവരെ വെളിപ്പെടുത്തുകയും ചെയ്യു. ഈ തത്വങ്ങൾ ഇപ്പോൾ എപ്പിഫനി പാളയ സമർപ്പിതരിലും പ്രയോഗിക്കപ്പെടുന്നു. മുമ്പ് ആസ്വദിച്ച അനുഗ്രഹങ്ങൾക്ക് ആനുപാതികമായി പരിശോധനയും ശുദ്ധീകരണവും കഠിനമാണ് – എപ്പിഫനി ശുദ്ധീകരണ വേലയുടെ സൂക്ഷ്മതയിലും തീവ്രതയിലും നമ്മൾ ആശ്ചര്യപ്പെടുകയോ അസ്വസ്ഥരാകുകയോ ചെയ്യേണ്ടതില്ല. ഈ എപ്പിഫനി അരിക്കലിനെക്കുറിച്ച് എപ്പിഫനി ദൂതൻ ഇങ്ങനെ പറയുന്നു (PT' 50, p. 91, par 1), "ഇത് ഏറ്റവും കഠിനമായ പരീക്ഷയായിരിക്കുമെന്നും ഒരു വലിയ സംഖ്യയുടെ ആത്മീയമരണത്തെ അർത്ഥമാക്കുമെന്നും ഞങ്ങൾ വിശ്വസിക്കുന്നു". ദൈവത്തിന്റെ പറൂസിയ എപ്പിഫനി ദൂതന്മാർ വെളിപ്പെടുത്തിയ ദൈവവചനത്തെ അതിന്റെ പൂർണ്ണമായ സത്യങ്ങളോടു കൂടി, പൂർണ്ണമായും വിശ്വസ്തതയോടും കൂടെ മുറുകെപ്പിടിച്ചുകൊണ്ട്, സത്യത്തിന്റെയും നീതിയുടെയും തത്വങ്ങൾക്ക് അനുസൃതമായി പ്രവർത്തിക്കുക എന്നതാണ് നമ്മുടെ ഏക സുരക്ഷിതമായ മാർഗ്ഗം. നമുക്ക് സമർപ്പിത മക്കളായിരിക്കാം "നിന്റെ കാലുകളുടെ പാതയെ നിരപ്പാക്കുക; നിന്റെ വഴികളെല്ലാം സ്ഥിരമായിരിക്കട്ടെ" (സദൃ. 4:26).

# അവൻ ഇടറിപ്പോകുന്നു

## BY AND BY, HE IS OFFENDED

**വചനം നിമിത്തം ഞെരുക്കമോ ഉപദ്രവമോ നേരിട്ടാൽ അവൻ ക്ഷണത്തിൽ ഇടറിപ്പോകുന്നു മത്തായി-13:21**

സത്യം കേൾക്കയാൽ, അതിനെ സ്വായത്തമാക്കുവാൻ ചിലത് നല്കേണ്ടി വരുമെന്ന് മനസ്സിലാക്കുന്നതുവരെ അതിനെ സന്തോഷത്തോടെ സ്വീകരിക്കുന്ന ഒരു വിഭാഗത്തെ സംബന്ധിച്ച് യേശു നമ്മോടു പറയുന്നു. അതിന ശേഷമവർ നിരാശരാവുകയും, പീഡകൾ, സ്വയപരിത്യാഗം എന്നീ അനിവാര്യതകളെ പുല്കാതെ, സത്യത്തെ അടിയറവ് വയ്ക്കുന്നു.

വ്യത്യസ്ത സാഹചര്യങ്ങൾക്ക് കീഴിലുള്ളവർക്ക് വിവിധങ്ങളായ പരിശോധനകളാണ് അനുഭവിക്കേണ്ടി വരിക. "സത്യം വിൽക്കയല്ല, വാങ്ങുകയത്രെ വേണ്ടത്" (സദൃ. 23:23) – ഇപ്രകാരം പ്രവർത്തിക്കുന്നവർക്ക് വിലപിടിപ്പുള്ള വ്യത്യസ്ത കാര്യങ്ങളാണ് പരിത്യജിക്കേണ്ടി വരിക. വാങ്ങുന്നവൻ ഏറ്റവും കൂടുതൽ വിലമതിക്കുന്ന കാര്യങ്ങളാണ് അതിന്റെ വിലയായി ആവശ്യപ്പെടുക എന്നതാണ് അതിന്റെ ഒരു വ്യവസ്ഥ. നിശ്ചയമായും സമൂഹികനില, പ്രശസ്തി, നല്ല പേര് തുടങ്ങിയവ ഏറ്റവും വിലമതിക്കയാൽ ഇവയാണ് സത്യത്തിനും അതിന്റെ ശുശ്രൂഷയ്ക്കും നാം നല്കേണ്ടി വരുന്ന വില. യേശു ഒരു ശുശ്രൂഷകനെന്ന നിലയിൽ സന്നിഹിതനായിരുന്ന കാലത്തിലും വളരെ ഉയർന്ന നിലയിലാണ് ഇക്കാലത്ത് അതുള്ളതെന്നതിന് തർക്കമില്ല. അന്നാളിലെ വേദശാസ്ത്രികരായ ശാസ്ത്രിമാരും പരീശന്മാരിൽ ഒരുവനും പിൻതുടരാതിരുന്ന, താഴ്മയുള്ള ഒരുവനെ ഏറ്റു പറയുകയും അനുധാവനം ചെയ്യുകയുമായിരുന്നു അക്കാലത്തെ കഠിനമേറിയ ക്ലേശം. "നിനക്ക് ഭൂതം ഉണ്ട് എന്ന് ഇപ്പോൾ ഞങ്ങൾക്ക് മനസ്സിലായി" (യോഹ. 8:52) എന്നതായിരുന്നു യേശുവിന്റെ അത്ഭുതങ്ങളോടും പഠിപ്പിക്കലുകളോടുമുള്ള അവരുടെ ഏക മറുപടി.

യഹൂദമതത്തിന്റെ ഏതൊരു കാലഘട്ടത്തിലും ബാഹ്യരൂപേണ ഏറ്റവും കാർക്കശ്യക്കാരായിരുന്ന അന്നാളിലെ സഭാപിതാക്കന്മാർ, യേശുവിനെതിരെ ജനങ്ങൾക്ക് മുന്നറിയിപ്പ് നല്കുക വഴി ദൈവിക ശുശ്രൂഷയാണ് തങ്ങൾ ചെയ്യു പോരുന്നതെന്ന് നിസംശയം വിശ്വസിച്ചിരുന്നു. ആത്മികഗുരുക്കന്മാർ എന്ന നിലയിലുള്ള തങ്ങളുടെ പ്രാധാന്യത്തെ ആഴത്തിലവർ തിരിച്ചറിയുകയും അതിൽ അഭിരമിക്കുകയും "ദൈവത്തിന്റെ കുഞ്ഞാടിനെ സ്വീകരിക്കുവാനുള്ള യാതൊരു താഴ്മയും പരിശീലിച്ചവരായിരുന്നില്ല അവർ. "അവർ കുരുടന്മാരായ വഴികാട്ടികൾ അത്രേ" (മത്തായി 15:14) എന്നാണ് യേശു അവരെക്കുറിച്ച്

പറഞ്ഞത്. കുരുടന്മാർ മാത്രമാണ് അവർക്ക് പിന്നാലെ പോയിരുന്നത്. കേൾക്കുവാൻ ചെവിയും കാണുവാൻ കണ്ണുകളും ഉള്ളവർ മാത്രം കർത്താവായ യേശുവിനെ പിൻതുടർന്നു.

ഈ യേശുവിനെ വിശ്വസിക്കുക വഴി, നൂറ്റാണ്ടുകളായി നിലവിലിരുന്ന ദൈവശാസ്ത്രത്തിന്റെ മഹാസംവിധാനത്തെ തങ്ങൾ എതിർക്കുകയാണെന്ന് യഹൂദമതത്തിൽ നിന്നും മതം മാറിയവർക്ക് തിരിച്ചറിയുന്നതിനുള്ള ഒരു പരിശോധനയായിരുന്നു അത് – ഒരു "ചൂടു തട്ടൽ" (മത്തായി 13:6). അഭിനവ ഗുരു (യേശു) ഒരു മതഭ്രാന്തനെന്ന് പ്രഖ്യാപിച്ച പാണ്ഡിത്യമുള്ള വേദശാസ്ത്രിയരുടെ കാഴ്ചപ്പാടുകളെ എതിർക്കുകവഴി നിരക്ഷരരായവരുടെ ധൈര്യവും വിശ്വാസവും അത്യധികമായി പരിശോധിക്കപ്പെട്ടിരുന്നു. കൂടാതെ, സമൂഹത്തിലെ ധനികന്മാരും ഏറ്റവും സ്വാധീനമുള്ളവരുമായവരുടെ സൗഹൃദത്തിൽ നിന്നുളവാകുന്ന സാമ്പത്തിക നേട്ടത്തിൽ നിന്നും കൂടെ അവർ ഛേദിക്കപ്പെടുകയും ചെയ്തു. ഇക്കാര്യങ്ങളെല്ലാം കഠിനമായ പരിശോധനകളായിരുന്നുവെങ്കിലും, "സ്വന്തജനത്തെ" (തീത്തൊസ് 2:14) ശേഖരിക്കുന്നതിനും പുഷ്ടിപ്പെടുത്തുന്നതിനും ഉള്ള മാർഗ്ഗമായി അത് നല്കപ്പെട്ടിരിക്കുന്നു. എന്തെന്നാൽ തന്നോടും തന്റെ വാക്കുകളായ പഠിപ്പിക്കലുകളോടും ലജ്ജയുള്ളവനായിരുന്നാൽ, തന്റെ അനുയായി ആയിരിക്കുവാൻ സാധിക്കുകയില്ലെന്ന് യേശു പ്രസ്താവിച്ചിരുന്നു. കർത്താവിന്റെ പഠിപ്പിക്കലുകളോട് തന്റെ സാന്നിധ്യത്തിൽ വിശ്വാസത്തെ ഏറ്റു പറയുവാൻ ലജ്ജിതനായിരിക്കുന്നവന്, തന്റെ അനുയായിയായിരിക്കുവാൻ സാധിക്കുകയില്ല (മത്തായി 10:32,33; റോമർ 10:9; വെളി. 3:5) എന്നുള്ളതാണ് ഇക്കാലത്തെ യുക്തമായ സമാന്തരം.

യേശുവിനെ മശിഹായായി വിശ്വസിക്കുകയും അനുധാവനം ചെയ്യുകയും ചെയ്തവരെ അന്നാളിലെ വേദശാസ്ത്രജ്ഞർ ഭീഷണിപ്പെടുത്തുകയും ഉപദ്രവിക്കുകയും ചെയ്തിരുന്നു. മശിഹായുടെ ആഗമനത്തെ വിശ്വസിച്ചിരുന്ന അവർ അവന്റെ സാന്നിധ്യത്തെ




തള്ളിക്കളയുകയും അപ്രകാരം അവരുടെ "സന്ദർശനകാലം അറിയാതെ പോവുകയും ചെയ്തു" (ലൂക്കൊ. 19:44). സമാനമായി ഇന്നാളിലെ വേദശാസ്ത്രജ്ഞരും ക്രിസ്തുവിന്റെ സാന്നിധ്യത്തെ തീവ്രമായി എതിർക്കുന്നവരാകുന്നു. എന്തെന്നാൽ, ഇക്കാലത്തെ പൗരോഹിത്യം യേശുവിന്റെ സന്ദർശനകാലത്തെ അറിയുന്നില്ല, അതിനാൽ യഹൂദ സഭയെപ്പോലെ ഇടറിപ്പോവുകയും ചെയ്യുന്നു. എന്നാൽ വ്യത്യസ്തമായൊരു രീതിയിൽ സിനഗോഗുകളിൽ (പള്ളികൾ) ഇക്കാലത്ത് അവർ ഭീഷണിപ്പെടുത്തുകയും ഉപദ്രവിക്കുകയും ചെയ്യുന്നു. നാവുകൾ കൊണ്ടുള്ള ഉപദ്രവമാണ് ഇന്നുള്ളത്.

സിനഗോഗുകളിൽ നിന്നും പുറത്താക്കുകയായിരുന്നു ആ നാളുകളിലെ ഏറ്റവും കഠിനമായ ഒരു പരിശോധന. യേശു മശിഹാ എന്ന് ഏറ്റു പറയുന്നവർ പള്ളി ഭ്രഷ്ടനാകേണം എന്ന് യഹൂദന്മാർ തമ്മിൽ പറഞ്ഞൊത്തിരുന്നതിനാൽ അവർ "യഹൂദന്മാരെ ഭയപ്പെട്ടിരുന്നു" (യോഹ. 9:2). അന്നാളിലെ ഏക "ആദരണീയ സഭയിൽ" നിന്നും സാധുക്കളായ യഹൂദന്മാരെ പുറത്താക്കുന്നത് അപകീർത്തികരമായി കാണപ്പെട്ടിരുന്നു. നാമധേയ സിനഗോഗിലുള്ള തന്റെ അംഗത്വത്തെ ആശ്രയിച്ചാണ് ദൈവത്തോടുള്ള തന്റെ ബന്ധം നിലനില്ക്കുന്നതെന്ന് വിശ്വസ്തനായ ഒരു യഹൂദൻ കരുതിയിരിക്കാമെന്നതിൽ സംശയം ലേശവുമില്ല. അഭിനവ ഗുരുവായ യേശു, പരീശന്മാർക്കും സിനഗോഗിലെ നേതാക്കന്മാർക്കുമെതിരെ സംസാരിക്കുകയും, പല കാര്യത്തിലും അവർ കപടത നിറഞ്ഞവരെന്ന് പ്രസ്താവിക്കുകയും ചെയ്തു., ഉച്ചത്തിലുള്ള നീണ്ട പ്രാർത്ഥനകളാലും അധരങ്ങളാലും അവർ കാപട്യം നിറഞ്ഞവരുമായിരുന്നു. യേശുവിന് ഒരു സഭയുണ്ടായിരുന്നുവെങ്കിൽ, ചില യഹൂദർ യേശുവിനെ അനുധാവനം ചെയ്യുകയും അവന്റെ സഭയിൽ ചേരുവാൻ താത്പര്യമുള്ളവരായിരിക്കുകയും ചെയ്യുമായിരുന്നു. എന്നാൽ അവൻ പ്രതിനിധീകരിച്ച സഭ താൻ പഠിപ്പിച്ച സത്യങ്ങളാൽ

കെട്ടപ്പെട്ടതായിരുന്നു. അതിനാൽ "നിങ്ങളുടെ പേർ സ്വർഗ്ഗത്തിൽ എഴുതിയിരിക്കുന്നതിലത്രേ സന്തോഷിപ്പിൻ" (ലൂക്കൊസ് 9:20) എന്ന് അവനവരോട് പറഞ്ഞു.

"യഥാകാല സത്യം" ലഭിക്കുന്നവർ പതിവായി നാമധേയ സഭകളുടെ കൂട്ടായ്മയിൽ നിന്നും ഛേദിക്കപ്പെട്ടിരിക്കും സ്വർഗ്ഗീയ മന്നാ രുചിച്ചവർ, പിന്നീടൊരിക്കലും പുറംമോടികൾ കൊണ്ട് തൃപ്തി അടയുകയില്ല. ദീർഘനാളുകൾ ഈ സഭകളോടൊത്ത് തങ്ങളുടെ താഴ്മ നിമിത്തം "യേശുവിനു വേണ്ടി പ്രവർത്തിക്കുന്നു" എന്ന ധാരണയിൽ അവയുടെ സാമൂഹികവും ക്ഷേമകരവുമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നവർ, അവയിൽ നിന്നും വഴിമാറുമ്പോൾ തങ്ങളുടെ വലത് കരം മുറിച്ച് മാറ്റുന്നതിന് സമാനമായ അനുഭവമാണവർക്കുണ്ടാവുക. എന്നാൽ നാമധേയ സഭ ഇളകുമെന്നും വീഴുമെന്നും (യെശ. 28:13; വെളി. 18:2,21) അതിലുള്ളവരിൽ കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ പേരുള്ളവർ മാത്രമാണ് ഇക്കാലത്ത് അവന്റെ വിളിക്കപ്പെട്ടവർ എന്നും അന്നത്തേപ്പോലെ ഇന്നും നാം ഓർമ്മിക്കേണം.

അന്ന് സന്നിഹിതനായിരുന്നപ്പോൾ, ജന്മനാ അന്ധനായവനെ അഭിഷേകം ചെയ്യുവാനും അവന് കാഴ്ച നല്കുവാനും യേശു തന്റെ വായിലെ ഉമ്മുനീർ ചേറിനോട് ചേർത്ത് ഉപയോഗിച്ചിരുന്നു (യോഹ. 9). ഇന്ന്, ഈ യുഗാന്ത്യത്തിൽ അവന്റെ വായിലെ വാക്കുകൾ, മാനുഷികതത്വത്തിന്റെ ചേറിനോടും അതിനെ കൂട്ടിച്ചേർത്തും കൊണ്ട്, തന്റെ സത്യത്തിന്റെ ആത്മീയ ജ്ഞാനത്തെ ഗ്രഹിക്കുന്നതിനും അതിന്റെ സൗന്ദര്യത്തെ കാണുന്നതിനും ഉള്ള ഉപകരണമാക്കിയിരിക്കുന്നു. ഏഴാമത്തെ ദിവസമായ ശബ്ബത്തിലായിരുന്നു അന്ധന്റെ കണ്ണുകളെ തുറന്നത്. ആദാമ്യ സൃഷ്ടി മുതൽ 1872-ന്റെ ശരത്കാലം വരെ 6000 വർഷം പൂർത്തീകരിച്ചിരിക്കയാൽ ശ്രേഷ്ഠമായ അളവിൽ ഇത് ഏഴാമത്തെ ദിവസമാണ്. ചേറിനാലും കഴുകപ്പെടലിനാലും കാഴ്ച ലഭ്യമായത് സന്നിഹിതനായിരിക്കുന്ന യേശുവിന്റെ ശക്തിയാലാണ്. അപ്രകാരം ഇവിടെയും തന്റെ രണ്ടാം വരവിലെ സാന്നിധ്യത്തിലെ ശക്തിയാൽ, ആത്മീയ അന്ധത ബാധിച്ച കണ്ണുകൾക്ക് കാഴ്ച ലഭിക്കുന്നു.

ഇക്കാലത്തെ ദൈവത്തിന്റെ പരിജ്ഞാനമുള്ള ജനങ്ങളുടേതിന് സമാനമാണ് മറ്റു കാര്യങ്ങളിൽ അന്ധനായ മനുഷ്യന്റേത് എങ്കിൽ അത്ഭുതപ്പെടാനില്ല. അന്ധനായ മനുഷ്യൻ യേശുവിലുള്ള വിശ്വാസം ഏറ്റു പറഞ്ഞപ്പോൾ അവർ, "നീ ഞങ്ങളെ ഉപദേശിക്കുന്നുവോ എന്ന് പറഞ്ഞ് അവനെ പുറത്താക്കി" – സിനഗോഗിൽ നിന്നും (യോഹ. 9:34). നിശബ്ദനായി നിന്നുകൊണ്ട്, ഹൃദയാത്മനാ വിശ്വസിച്ച് സിനഗോഗിലുള്ള തന്റെ സ്ഥാനം നിലനിർത്തിക്കൊണ്ട് ഭീരുത്വത്തോടെ അവന് നിലകൊള്ളാമായിരുന്നു, എന്നാൽ അപ്രകാരം പ്രവർത്തിച്ചിരുന്നുവെങ്കിൽ തന്നെത്താൻ ലജ്ജിതനായി യേശുവിനോടൊത്ത് തുടർന്നുള്ള കൂട്ടായ്മ അവന് നഷ്ടപ്പെടുമായിരുന്നു. കർത്താവിന്റെ സാന്നിധ്യത്തെയും അവന്റെ സത്യത്തിന്റെയും വെളിച്ചത്തിന്റെയും അനുഗ്രഹങ്ങളെ തിരിച്ചറിയുന്നതിനും നിന്റെ കണ്ണുകൾ തുറന്നിരിക്കുന്നുവെങ്കിൽ, അന്ധനായ മനുഷ്യൻ ചെയ്തതുപോലെ പ്രവർത്തിക്കുന്നതിന് ഒരവസരം നിനക്കുണ്ട്. നിശബ്ദനായി പള്ളയിൽ തുടരുന്നതിനും അല്ലെങ്കിൽ അവന്റെ സാന്നിധ്യത്തെ ഏറ്റുപറഞ്ഞ് പുറത്ത് വരുന്നതിനുമുള്ള അവസരം അവനുണ്ടായിരുന്നതുപോലെ നിങ്ങൾക്കുമുണ്ട്; "മാനുഷിക ഭയം ഒരു കെണിയാണ്" എന്നത് പിടിച്ചുകൊണ്ട് അവനിലും അവന്റെ വാക്കുകളിലും ലജ്ജിതനായിരിക്കുകയോ അല്ലെങ്കിൽ അവനെ ഏറ്റു പറയുകയോ, പിതാവിന്റെയും വിശുദ്ധ ദൂതന്മാരുടെയും മുന്നിൽ ഏറ്റു പറയുകയോ ചെയ്യുവാൻ കഴിയും. നാം മനുഷ്യരുടെയും നാമധേയ സഭയുടെയും (വലുതോ ചെറുതോ) ആയ ബാബിലോണിന്റെയും അംഗീകാരങ്ങളെയും അഭിപ്രായങ്ങളെയും സ്നേഹിക്കുകയും അവയുടെ മാനങ്ങളെ കാംക്ഷിക്കുകയും ചെയ്യുന്നുവെങ്കിൽ, ദൈവത്തിൽ നിന്നു മാത്രം ലഭ്യമാകുന്ന അംഗീകരണത്തിൽ നാം എപ്രകാരം പ്രത്യശ വയ്ക്കും?

അതിനുശേഷം "അവനെ പുറത്താക്കി എന്ന് യേശു കേട്ടു; ആ മനുഷ്യൻ യേശുവിനെ കണ്ടപ്പോൾ" (വാക്യം 35) സ്വയമേ അവന്റെ ഗുരുവായി അംഗീകരിക്കുകയും, തുടർന്ന് "അവനെ നമസ്കരിക്കുകയും ചെയ്തു. അപ്രകാരം നിങ്ങൾക്കും, കർത്താവ് നിങ്ങളുടെ സാക്ഷ്യം കേൾക്കുകയും, "ബാബിലോണാകുന്ന" (വലുതോ ചെറുതോ) നാമധേയെ സഭയിൽ നിന്നും നിങ്ങൾ വേർപെട്ടു കഴിയുമ്പോൾ, തന്റെ സത്യത്തിന്റെയും പദ്ധതിയുടെയും മഹത്വര

മായ കാര്യങ്ങളെ കാട്ടിത്തരുകയും യേശു തന്നെ നിങ്ങളെ പഠിപ്പിക്കുകയും ചെയ്യുന്നതായിരിക്കും നിങ്ങൾക്കുള്ള അനുഭവം. ശേഷം, അവനെ നിങ്ങൾക്ക് ആത്മാവിലും സത്യത്തിലും ആരാധിക്കുവാനും, മാനുഷിക തത്വസംഹിതകളെ ആരാധിക്കാതിരിക്കുവാനും സാധിക്കും. തന്നെ സ്വീകരിക്കുന്നതുമൂലമുള്ള നമ്മുടെ പരിശോധന യേശു വിശദീകരിക്കുന്നത്, അന്ധനായ മനുഷ്യന് വിശദീകരിച്ചതിന് സമാനമാണ്: "കാണാത്തവൻ കാൺമാനും, കാണുന്നവർ കുരുടർ ആകുവാനും ഇങ്ങനെ ന്യായവിധിക്കായി [ഒരു പരിശോധന] ഞാൻ ഇഹലോകത്തിൽ വന്നു എന്ന് യേശു പറഞ്ഞു" (വാക്യം 39). "നിങ്ങളെ പകച്ച് എന്റെ നാമം നിമിത്തം നിങ്ങളെ പുറത്താക്കിക്കളയുന്ന നിങ്ങളുടെ സഹോദരന്മാർ ഞങ്ങൾ നിങ്ങളുടെ സന്തോഷം കണ്ടു രസിക്കേണ്ടതിനു യഹോവ തന്നെത്താൻ മഹത്ത്വീകരിക്കട്ടെ എന്നു പറയുന്നുവല്ലോ, എന്നാൽ അവർ ലജ്ജിച്ചുപോകും" (യെശ. 66:5).

സമാനമായി, നമ്മുടെ കർത്താവായ യേശു തന്റെ "യഥാകാല സത്യത്താൽ", വിവിധ സത്യകൂട്ടങ്ങളിൽ ചിലരുടെ കണ്ണുകളെ തുറക്കുകയും, അവർ അവയെ സ്വീകരിക്കുക വഴി സമുദായ ഭ്രഷ്ടും ഒപ്പം അഗ്നിമയമായ പരിശോധനകളും അവർക്ക് കരുതിയിരിക്കുന്നു. നാമധേയ സഭയുടെ പഠിപ്പിക്കലുകളുടെ മാനത്തെക്കാൾ കർത്താവിന്റെ മാനത്തെ തിരഞ്ഞെടുത്തവർക്ക് സമാശ്വാസത്തിന്റെ വാക്കുകളെ കർത്താവ് നല്കുന്നു. ന്യായമായും സാദ്ധ്യമാകുന്ന വാക്കുകളാലും, എഴുത്തുകളാലും സന്ദർശനം മുതലായവയിലൂടെ അപ്രകാരമുള്ളവരെ അവന്റെ കീഴിൽ നിന്നുകൊണ്ട് സഹായിക്കുന്നതിൽ ഞങ്ങൾ സന്തോഷവാൻമാരാണ്.

ഇത്തരം "ചൂടിനെ" അഭിമുഖീകരിക്കുന്ന ചിലരെ നമുക്കറിയാം. അവർ വചനം കേൾക്കുകയും ആനന്ദത്താൽ അവയെ സ്വീകരിക്കുകയും ചെയ്തു – ദൈവവചനത്തിലെ അത്ഭുതകരമായ കാര്യങ്ങളെ കാണുവാൻ അവരുടെ കണ്ണുകൾ തുറക്കപ്പെട്ടു. കർത്താവ് സന്നിഹിതനായിരിക്കുന്നുവെന്നും അവരുടെ കണ്ണുകൾ തുറന്നിരിക്കുന്നുവെന്നും അവർ തിരിച്ചറിയുകയും, അവനെ തള്ളിക്കളയാതെ ഏറ്റുപറയുകയും, അവന്റെ മരണത്തെയും ഉയർപ്പിനെയും ചിത്രീകരിക്കുമാറ് അവർ ജലത്തിൽ ദൃഷ്ടാന്തപരമായി സ്നാനമേൽക്കുകയും ചെയ്തു., ഇപ്പോൾ അവർ ക്രിസ്തുവിന്റെ സ്നാനത്തിന് സമാനമായി പഴയ പ്രകൃതിയെ മരിപ്പിച്ചുകൊണ്ട് ദിനേന മരണത്തിലേക്ക് സ്നാനപ്പെടുവാൻ കാംക്ഷിക്കുന്നു. ഉപദ്രവത്തിന്റെയും നിന്ദയുടെയും സൂര്യൻ ഉദിക്കുകയും "ചൂട്" ആരംഭിക്കുകയും ചെയ്തിരിക്കുന്നു. അവർ കല്ല് നിറഞ്ഞ ഹൃദയങ്ങളാകുന്നുവെങ്കിൽ, അവരുടെ നടപ്പും വാഞ്ഛയും തകരുകയും മരണപ്പെടുകയും, എന്നാൽ നല്ല ഹൃദയത്തിന് ഉടമകളാകുന്നുവെങ്കിൽ, വിത്ത് വളരുകയും ഫലം കായ്ക്കുകയും ചെയ്യും. സൂര്യന് അവയെ വിളയിക്കുവാനും പൂർണ്ണതപ്പെടുത്തുവാനും മാത്രമേ സാധിക്കുകയുള്ളൂ.

എന്റെ ശിഷ്യൻ (അവനിൽ നിന്നും പഠിക്കുവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥി) ആകുവാൻ ആഗ്രഹിക്കുന്നവൻ തന്റെ ക്രൂശ് എടുത്ത് എന്റെ പിന്നാലെ വരുവീൻ എന്ന് നാഥൻ പറഞ്ഞതിനെ ഓർത്തുകൊള്ളേണം എന്ന് ഇപ്രകാരമുള്ളവരോട് ഞങ്ങൾ പറയുന്നു. തിന്മയിലും നല്ല വാക്കിലും എപ്രകാരം അവനെ പിൻതുടരണമെന്ന് നിങ്ങൾ ഉടമ്പടി ചെയ്തത് ഓർമ്മിക്കുക; ഓർമ്മിക്കുക, കോപനാളിൽ അവൻ നിത്യസഹായകനെന്നും – "നല്ല ഭടനായി കഷ്ടം സഹിക്കുവാനും" "അദൃശ്യദൈവത്തെ കണ്ടതുപോലെ ഉറച്ചു നില്ക്കുവാനും" എന്നൊക്കെയുള്ള ഓർമ്മകൾ നിങ്ങളെ പര്യാപ്തരാക്കും. (2 തിമൊ. 2:3; എബ്രാ. 11:27).

"പ്രിയമുള്ളവരെ, നിങ്ങൾക്കു പരീക്ഷയ്ക്കായി സംഭവിച്ചിരിക്കുന്ന അഗ്നിശോധനയിങ്കൽ ഒരു അപൂർവ്വ കാര്യം നിങ്ങൾക്ക് വന്നു കൂടി എന്നുവച്ച് അതിശയിച്ചു പോകരുത്... ക്രിസ്തുവിന്റെ നാമം ഹേതുവായി നിന്ദ സഹിക്കേണ്ടി വന്നാൽ നിങ്ങൾ ഭാഗ്യവാൻമാർ; മഹത്ത്വത്തിന്റെ ആത്മാവായ ദൈവാത്മാവു നിങ്ങളുടെ മേൽ ആവസിക്കുന്നുവല്ലോ" [അവൻ നമുക്ക് കാട്ടിത്തരുന്നതും, നാം പ്രസംഗിക്കുന്നതുമായ പ്രൗഢ പദ്ധതിയെക്കാളുമധികം യാതൊന്നും ദൈവനാമത്തെയും അവന്റെ സ്വഭാവത്തെയും മഹത്ത്വീകരിക്കുന്നില്ല]. ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ അത്രയും പങ്കുകാരാവുന്നതിൽ സന്തോഷിക്കുക; അവന്റെ മഹത്വം വെളിപ്പെടുമ്പോൾ, അത്യധികമായ സന്തോഷത്താൽ നിങ്ങൾക്കും ആനന്ദിക്കാം (1 പത്രൊ. 4:12-14).

# ദൈവത്തിനു കൊള്ളാകുന്നവനായി നില്പാൻ പഠിക്ക

**"സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിച്ചുകൊണ്ട് [വിഭജിച്ചുകൊണ്ട്] ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരനായി [കെട്ടുപണിക്കാരനായി] ദൈവത്തിനു കൊള്ളാകുന്നവനായി നില്പാൻ ശ്രമിക്ക [പഠിക്ക]" – 2 തിമൊ. 2:15**

ഈ വാക്യം "തിരുവെഴുത്ത് പഠിക്കുക' എന്നല്ല, മറിച്ച് "ദൈവത്തിനു കൊള്ളാകുന്നവനായി നില്പാൻ ശ്രമിക്ക [പഠിക്ക – ഇംഗ്ലീഷ് ബൈബിൾ നോക്കുക] – ദൈവം അംഗീകരിക്കുന്നതെന്തെന്ന് അറിയുവാൻ പഠിക്ക എന്നാണ് പറയുന്നത്. എന്നിരിക്കിലും അവിടുന്ന് ഒരുക്കിയിട്ടുള്ളതായ വെളിപ്പാട് പഠിക്കുക എന്നതാണ് ആദ്യംതന്നെ അത് അർത്ഥമാക്കുന്നത്. അപ്പോൾ തിരുവെഴുത്തിലെ ചില അറിവുകൾ നാം നേടിയ ശേഷം അവ നാം ധ്യാനവിഷയമാക്കുകയും ജീവിതത്തിലെ എല്ലാ കാര്യങ്ങളിന്മേലും വചനം എങ്ങനെ പ്രായോഗികമായിരിക്കുന്നു എന്നതിനെപ്പറ്റിയും നിരൂപണം നടത്തുകയും ചെയ്യേ തീരൂ. അങ്ങനെ നാം ബന്ധപ്പെടുന്നതായ എല്ലാ കാര്യങ്ങളും ഏതു വിധത്തിലുള്ളതെന്ന്, അത് നന്മയോ തിന്മയോ എന്നത് നാം പഠിക്കും. "അടങ്ങിപ്പാർപ്പാനും പഠിക്ക [ഇംഗ്ലീഷ് ബൈബിൾ നോക്കുക] (1 തെസ്സ. 4:12) എന്ന് അപ്പൊസ്തലൻ പറഞ്ഞപ്പോഴുള്ള അതേ ചിന്ത തന്നെയാണ് ഇവിടെ "പഠിക്ക" എന്ന വാക്ക് ഉപയോഗിക്കുമ്പോഴുമുള്ളത്.

സ്പഷ്ടമായും ഇവിടുത്തെ ഈ പ്രയോഗത്തിൽ കേന്ദ്രീകൃതമായ ആശയം – മനുഷ്യർക്കല്ല, ദൈവത്തിന് നമ്മെത്തന്നെ അംഗീകാരയോഗ്യരാക്കുക എന്നാണ്. എല്ലാ നല്ല പുരുഷന്മാരുടെയും എല്ലാ നല്ല സ്ത്രീകളുടെയും അംഗീകാരം നമുക്കുണ്ടാവുന്നത് ഉചിതമായതുതന്നെയാണ്. എന്നാൽ നമ്മുടെ ഈ "പഠിക്ക" എന്നുള്ളത് പ്രഥമമായും ഈ ചിന്താധാരയോട് ചേർന്നുള്ളതല്ല. ഒന്നാമതായി നാം ദൈവത്തെ പ്രസാദിപ്പിക്കുന്നതിന് – ദൈവത്തിന് അംഗീകാരയോഗ്യരാകുവാൻ പഠിക്കണം. ദാവീദ് തന്റെ മേൽ ന്യായപ്രമാണത്തിന്റെ ഉയരവും, ആഴവും, നീളവും, വീതിയുമായ സ്വാധീനം എങ്ങനെ പ്രാവർത്തികമാവുന്നു എന്ന് കാണേണ്ടതിന് "ഞാൻ നിന്റെ ന്യായപ്രമാണത്തെ രാപ്പകൽ ധ്യാനിക്കും" എന്ന് പറയുമ്പോൾ ഒരു ധ്യാനനിരതമായ പഠനം ഉണ്ട് എന്നത് നമ്മുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. പിന്നെ അതിനാൽ ദൈവത്തെ പ്രസാദിപ്പിക്കുക എന്നതായിരിക്കണം നമ്മുടെ മുഖ്യലക്ഷ്യം എന്നതാണ് ഇവിടെ അപ്പൊസ്തലന്റെ ആശയം.

"സത്യവചനത്തെ യഥാർത്ഥമായി [ശരിയാംവണ്ണം – ഇംഗ്ലീഷ് ബൈബിൾ നോക്കുക] വിഭജി" ക്കുക എന്നത് സത്യവചനത്തെ ഉചിതമായി പ്രയോഗിക്കുന്നതിനെ കുറിക്കുന്നു; എങ്ങനെ, എപ്പോൾ, എവിടെ അത് പ്രയോഗിക്കണമെന്നും, പിന്നെ ദൈവിക ദൂതിന്റെ വചനം, ഈ സത്യവചനം നൽകയിൽ ദൈവിക മനസ്സിന്റെ ഉദ്ദേശ്യവും, ചിന്തയും, പദ്ധതിയും എന്തായിരുന്നുവെന്നത് ഗ്രഹിക്കുകയും ചെയ്യുന്നതാണത്. നമ്മുടെ കർത്താവിന്റെ വരവ് വരെ ദൈവികദൂത് മുഖ്യമായും നല്കിപ്പോന്നത് പഴയനിയമ തിരുവെഴുത്തുകളിലൂടെയാണ്. പിന്നെ സ്വർഗ്ഗത്തിൽ നിന്നു വന്നവനാൽ ആ ദൈവത്തിന്റെ ദൂത് സാക്ഷ്യപ്പെടുത്തി ഉറപ്പിച്ചു. പിന്നെയും കൂടുതലായി സത്യവചനത്തെ വർദ്ധിപ്പിക്കുന്നതിന്, ജ്ഞാനത്തിന്റെ വചനത്തെ വർദ്ധിപ്പിക്കുന്നതിന്, ദൈവികപദ്ധതിയുടെ വിശദീകരണത്തിന്റെ വചനത്തെ വർദ്ധിപ്പിക്കുന്നതിന് തന്റെ വിശേഷപ്പെട്ട നാവുകളാവുന്നതിന് പന്ത്രണ്ട് തിരഞ്ഞെടുക്കപ്പെട്ട അപ്പൊസ്തലന്മാരെ നമ്മുടെ കർത്താവ് നിയമിച്ചു. അതിനാൽ കർത്താവിന്റെ ദൂതെന്ന നിലയിൽ തിമൊഥെയോസിന് മനസ്സിലാക്കാവുന്ന എല്ലാത്തേയും താൻ മനസ്സിരുത്തി ഗൗനിക്കേണ്ടിയിരുന്നു. ഉദാഹരണത്തിന് ദൈവികദൂതിലെ ഒരു ഭാഗം ഭൂതകാലത്ത് പ്രായോഗികമായതാണ്. അതിൽ യഹൂദന്മാർക്ക് മാത്രം പ്രായോഗികമായ ഒരു ഭാഗമുണ്ട്. അപ്പോഴും ഇക്കാലത്തുള്ള ക്രിസ്ത്യാനികൾക്ക് പ്രായോഗികമായ മറ്റൊരു ഭാഗമുണ്ട്, അപ്പോഴും അവരുടെ ഭാവി പ്രത്യാശകൾക്കുള്ള മറ്റൊരു ഭാഗവും കൂടി അതിൽ ഉണ്ട്.

നമ്മുടെ മുൻപിതാക്കന്മാർക്ക് ഉണ്ടായിരുന്നതിനെക്കാളും വ്യക്തതയുള്ള വെളിച്ചം നമുക്കുണ്ടായിരിക്കണം.

അതിനെ തുടർന്ന് നമ്മുടെ മനസ്സുകൾക്കു മുമ്പാകെ കാര്യത്തെ ശരിയാംവണ്ണം വിഭജിച്ചു നമുക്കു ലഭിക്കുമ്പോൾ, നമുക്കു ശരിയായ ഗ്രാഹ്യം, നമ്മുടെ നാളിൽ ആവശ്യമായ വിശേഷപ്പെട്ട പ്രകാശനം നമുക്കു ലഭിക്കുകയും അതിനാൽ സഭയ്ക്കു വേണ്ടിയുള്ള അനുഗ്രഹത്തിന്റെ ആത്മിക അവകാശവും ലോകത്തിനു വേണ്ടിയുള്ള അനുഗ്രഹത്തിന്റെ

ഭൗമിക അവകാശവുമായ "പരമവിളി" യെയും "യഥാസ്ഥാപന"ത്തെയും സംബന്ധിച്ചുള്ള ദൈവവചനത്തിലെ പഠിപ്പിക്കലിനെ നമ്മുടെ പിതാക്കന്മാർ കണ്ടില്ല, എന്നാൽ അത് ഇന്ന് നമുക്കു കാണുവാൻ സാധിക്കും. സഭയ്ക്ക് പ്രായോഗികമായതും ലോകത്തിന്റെ അനുഗ്രഹത്തിനു പ്രായോഗികമായതുമായ കാലങ്ങളെയും സമയങ്ങളെയും സംബന്ധിച്ച ചിലതും കൂടെ ഇന്ന് നാം കാണുന്നു.




"കർത്താവ് തനിക്കുള്ളവരെ അറിയുന്നു". കർത്താവിന്റെ നാമം ഉച്ചരിക്കുന്നവൻ എല്ലാം അനീതിവിട്ടകന്നുകൊള്ളട്ടെ" – 2 തിമൊ. 2:19

അപ്രകാരം നമ്മുടെ ഈ നാളിൽ സത്യവചനത്തെ ശരിയായി വിഭജിക്കേണ്ടതിന് കർത്താവിന്റേതായി തോന്നിപ്പിക്കുന്ന എല്ലാത്തിനെക്കുറിച്ചും, അത് വചനത്തിന്മേൽ ഏതെങ്കിലും വെളിച്ചം വീശുന്നതിനെപ്പറ്റിയും അവലോകനം ചെയ്യേണ്ടതാവശ്യമായി വരുന്നു, അപ്രകാരം അത് "ശരിയായി വിഭജിക്കുവാൻ" നമുക്കു സാധിക്കും. പഴയനിയമ തിരുവെഴുത്തുകൾ "ദൈവകല്പനയാൽ മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ടു സംസാരിച്ചിട്ടുള്ളതാണെന്നും അതിനാൽ നിങ്ങൾ ഭൂമിയിൽ കെട്ടുന്നതൊക്കെയും സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും; നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതൊക്കെയും സ്വർഗ്ഗത്തിൽ അഴിഞ്ഞിരിക്കും" എന്ന് അപ്പൊസ്തലന്മാരെപ്പറ്റി കർത്താവും പറഞ്ഞു എന്നുള്ളത് എപ്പോഴും നമ്മുടെ മനസ്സിലുണ്ടായിരിക്കേണ്ടതാണ്.

കർത്താവ് തന്റെ ജനത്തെ സത്യത്തിന്റെ മാർഗ്ഗത്തിൽ നയിക്കുമെന്നും വരുവാനുള്ള കാര്യങ്ങൾ അവർക്ക് കാണിച്ചുകൊടുക്കുമെന്ന് വാഗ്ദത്തം ചെയ്തതും നാം മറക്കരുത്. ഉപദേശം "പഠിച്ചും" നമ്മുടെ പെരുമാറ്റഗതിയെ അതിനോട് അനുയോജ്യമാക്കുവാൻ പരിശ്രമിച്ചുകൊണ്ടും – ക്രിസ്തുവിന്റെ ക്രൂശിന്റെ ഒരു വിശ്വസ്ത പടയാളിയുടെ കടമകൾ വിശ്വസ്തതയോടെ അനുഷ്ഠിക്കുവാൻ പഠിച്ചുകൊണ്ട് നമ്മെത്തന്നെ യോഗ്യരാക്കിക്കാണിക്കുവാൻ നാം "പഠിക്കണം".

ഒരു ക്രിസ്തീയ പടയാളി തന്റെ വിളിക്ക് യോഗ്യമാം വണ്ണം ചെറിയ കടമകൾ പോലും നിർവ്വഹിക്കേണ്ടതെങ്ങനെയെന്ന് പഠിച്ചേ തീരൂ; ഒരു പടയാളിയെന്ന നിലയിൽ തന്റെ കടമകളോടു ബന്ധപ്പെടാത്ത മറ്റു കാര്യങ്ങളിൽ കുടുങ്ങി അങ്ങനെ വ്യതിചലിക്കപ്പെടുവാൻ അവൻ സ്വയം അനുവദിക്കരുത്. ഒരു പടയാളിയെന്ന നിലയിൽ തന്റെ കർത്തവ്യങ്ങൾക്കു കോട്ടം വരുത്തിക്കൊണ്ട് ചില വ്യക്തിപരവും, ലൗകികവുമായ നേട്ടങ്ങൾ തേടുന്നതിനായി തിരിയുന്ന ക്രിസ്തീയ പടയാളി, അത്രത്തോളം ഒരു അവിശ്വസ്ത പടയാളിയാവുകയും ആ പദവികളിൽ നിന്നും പൂർണ്ണമായും നീക്കപ്പെട്ടു പോവുകയും ചെയ്യുവാൻ സാദ്ധ്യതയുണ്ട്.

"നിന്നെത്തന്നെ കൊള്ളാകുന്നവനായി കാണിപ്പാൻ പഠിക്ക". വചനം പഠിക്ക; നിന്നെത്തന്നെ പഠിക്ക, അത് നിനക്ക് നിന്നെത്തന്നെ നല്ലവണ്ണം പരിചിതമാക്കും. അത് ശുശ്രൂഷയ്ക്കു വേണ്ടിയുള്ള നിന്റെ താലന്തുകളെക്കുറിച്ച് നിന്നെ ബോധ്യപ്പെടുത്തും. അത് ഏത് ദിശയിലേക്കാണ് കിടക്കുന്നതെന്നും, എന്താണ് നിന്റെ ബലഹീനതകളെന്നും, അതിനെതിരെ എങ്ങനെ മുൻകരുതലെടുക്കാമെന്നുമൊക്കെ നിന്നെ പഠിപ്പിക്കും. അത് നിന്റെ കഴിവുകളും നിന്റെ കുറവുകളും എന്തൊക്കെയെന്ന് നിന്നെ അറിയിക്കും. അങ്ങനെ തെറ്റുകളിൽ നിന്ന് ഒഴിയുവാനും എല്ലാ മൂഢ ചോദ്യങ്ങളിൽ നിന്നും ദൂഷണമായവയിൽ നിന്നും പിന്നെ വ്യർത്ഥാലാപനങ്ങളിൽ നിന്നുമൊക്കെ അകന്നിരിക്കുവാൻ പഠിക്ക. "ദൈവത്തിന്റെ സ്ഥിരമായ അടിസ്ഥാനം" മാത്രമാണ് നിലനില്ക്കുന്നതെന്ന് ഓർക്ക; മറ്റെല്ലാ അടിസ്ഥാനങ്ങളും വിലയില്ലാത്തതാണു താനും. അതുകൂടാതെ മറ്റെല്ലാ സിദ്ധാന്തങ്ങളും ഒന്നുമില്ലായ്മയിലേക്ക് വന്നേതീരൂ. എന്നാൽ "ദൈവത്തിന്റെ സ്ഥിരമായ അടിസ്ഥാനം നിലനില്ക്കുന്നു; കർത്താവ് തനിക്കുള്ളവരെ അറിയുന്നു... എന്നും ആകുന്നു അതിന്റെ മുദ്ര". "കർത്താവിന്റെ നാമം ഉച്ചരിക്കുന്നവൻ എല്ലാം അനീതി വിട്ടകന്നുകൊള്ളട്ടെ" (2 തിമൊ. 2:19).

**നമുക്കു കണക്കിട്ടു നല്കിയിരിക്കുന്ന നീതീകരണത്തെ കൂടുതൽ കൂടുതൽ വാസ്തവമായ നീതീകരണമാക്കുവാൻ നാം പഠിക്കണം**

ഇവിടെ "പഠിക്ക" എന്നു പറഞ്ഞിരിക്കുന്ന വാക്കിന് വളരെയധികം പ്രാധാന്യമുണ്ട്. അതു കൂടാതെ ഈ ദൈവിക അനുശാസനം ക്രിസ്തുവിൽ വിശ്വസിക്കുന്നവരും അവിടുത്തെ ശുശ്രൂഷയ്ക്കായി തങ്ങളുടെ ജീവിതത്തെ സമർപ്പണം ചെയ്യുവരുമായ സഭയ്ക്കാണ് നല്കിയിട്ടുള്ളതെന്നും ശ്രദ്ധിക്കേണ്ടത് പ്രാധാന്യമുള്ളതാണ്. പാപത്തിൽ നിന്നും ശുദ്ധീകരിക്കപ്പെട്ടതായി ഗണിക്കപ്പെടുന്ന നിലയിലായിക്കഴിയുമ്പോൾ ഈ കണക്കിടപ്പെട്ട ശുദ്ധീകരണത്തെ, ഈ ചാർത്തപ്പെട്ടതായ നീതീകരണത്തെ നമ്മുടെ കഴിവിന്റെ പരമാവധി വാസ്തവമായതാക്കിത്തീർക്കുവാൻ വേണ്ടി പഠിക്കുന്നതിനായി നാം മുഴു ശുഷ്കാന്തിയും നല്കേണം. നാം വാസ്തവമായി നീതീകരിക്കപ്പെടുന്നതിനു മുമ്പായി നമുക്ക് നീതീകരണം കണക്കിട്ടുതരുന്നത് തികച്ചും ദൈവകൃപയാണ്. നമ്മുടെ ഹൃദയങ്ങളിലേക്ക് നോക്കിക്കൊണ്ട് നമ്മുടെ നല്ലതും ആത്മാർത്ഥവുമായ ഉദ്ദേശ്യങ്ങൾ മാത്രമല്ല നീതിക്കുവേണ്ടിയുള്ള നമ്മുടെ വാഞ്ചയും ദൈവത്തിന് അംഗീകാരയോഗ്യമായ വിധത്തിൽ നീതീകരിക്കപ്പെടുവാനുള്ള നമ്മുടെ പരിശ്രമവുമൊക്കെ കൂടി അതിൽ കണ്ടുകൊണ്ട് പ്രവർത്തിപ്പാനുള്ളതായ ആ ഇച്ഛയെ ദൈവം അംഗീകരിക്കും. നാം ശാപത്തിൽ നിന്നും വീണ്ടെടുക്കപ്പെടുകയും നിരപ്പു പ്രാപിക്കുവാനായി അവിടുത്തെ കൃപയേറിയ ഏർപ്പാടിനെ സ്വീകരിക്കുകയും ചെയ്തിരിക്കുന്നതിനാൽ ദൈവം ഇപ്പോൾ നമ്മെ നീതീകരിക്കപ്പെട്ടവർ എന്ന നിലയിൽ എണ്ണുകയും തന്റെ മക്കൾ എന്ന നിലയിൽ നമ്മോട് ഇടപെടുകയും ചെയ്യുന്നു.

**നമ്മുടെ ജീവിതം കൊണ്ട് നാം കൈക്കൊണ്ടതായ ആ ഉദ്ദേശ്യത്തിന് മാനമുണ്ടാവുന്നുണ്ടോ എന്ന് നോക്കുവാൻ നമുക്ക് പഠിക്കാം.**

പാപമാകുന്ന എല്ലാ പഴയ പുളിമാവിനെയും നീക്കുവാൻ ദിനേന നാം പരിശ്രമിക്കുന്നുണ്ടോ എന്ന് നോക്കുവാനും, അത് നമ്മിൽ വസിക്കുന്നതിനും നമ്മിൽ പ്രവൃത്തിക്കുന്നതിനും അനുവദിക്കുവാൻ നാം സന്തുഷ്ടിപ്പെടുന്നില്ലായെന്ന് ഉറപ്പിക്കുവാനും നമ്മുടെ ഹൃദയങ്ങളെ പഠിക്കാം. അല്ലാത്തപക്ഷം നീതിക്കുവേണ്ടിയുള്ള നമ്മുടെ സ്നേഹം ബലഹീനപ്പെടുന്നുവെന്ന് നമ്മുടെ പ്രവണതകളാൽ നാം തെളിയിക്കും. പുളിക്കുന്നതിനായി വീണ്ടും വീണ്ടും അനുവദിച്ചുകൊണ്ട് പുളിപ്പുള്ള പിണ്ഡത്തെ വല്ലപ്പോഴും മാത്രം കുറയ്ക്കുവാൻ നോക്കുകയല്ല വേണ്ടത്. പാപത്തെ നിരന്തരം എതിർത്തുകൊണ്ട് സത്യത്താൽ തങ്ങളുടെ ചിന്തകളും, വാക്കുകളും, പ്രവൃത്തികളും ശുദ്ധീകരിക്കുകയും സ്നേഹം, സന്തോഷം, സമാധാനം മുതലായ അനുഗ്രഹിക്കപ്പെട്ട "ആത്മാവിന്റെ ഫലങ്ങളെ" വളർത്തിയെടുക്കുകയും ചെയ്തുകൊണ്ട് പുളിപ്പുള്ള പിണ്ഡത്തെ നീക്കിക്കളയുകയും ചെയ്യതായി കാണുന്നവർ സന്തോഷമുള്ളവരാണ്.

പഠനസ്വഭാവമുള്ളവർ മാത്രമാണ് ദൈവിക അംഗീകാരത്തിനും സ്വീകാര്യത്തിനുമുള്ള മാർഗ്ഗം കണ്ടെത്തുന്നവർ. നമ്മുടെ ജീവിതം കൊണ്ട് നാം കൈക്കൊണ്ടതായ ആ ഉദ്ദേശ്യത്തിന് മാനമുണ്ടാവുന്നുണ്ടോ എന്ന് നോക്കുവാൻ നമുക്ക് പഠിക്കാം; അത് തിന്മയുടെ ഒരു ഭാവത്തിൽ നിന്നുപോലും നാം ഒഴിഞ്ഞുനില്ക്കുന്നുണ്ടോ എന്ന് നോക്കുവാൻ നമുക്ക് പഠിക്കാം; നമ്മുടെ ചിന്തകൾ, അധരങ്ങൾ, ജീവിതം, എന്നിവയിൽ ജാഗരൂകരായിക്കൊണ്ട് നമ്മുടെ എല്ലാ സംഭാഷണത്തിലും പെരുമാറ്റത്തിലും നാം ചുറ്റും നോട്ടമുള്ളവരാണോ എന്ന് നോക്കുവാനും നമുക്കു പഠിക്കാം. എല്ലാ കടമയും മനസ്സൊരുക്കത്തോടും, സന്തോഷത്തോടും ഹൃദയാഹ്ലാദത്തോടും കൂടെ നിർവ്വഹിക്കുന്നതിൽ ഉത്സുകരാവുന്നതിന് നമുക്കു പഠിക്കാം. നാം പടയാളികളാണെന്നും, മാത്രമല്ല യഥാർത്ഥ പടയാളികളെന്ന നിലയിൽ "കഷ്ടം സഹിപ്പാൻ" നാം പഠിക്കേണ്ടതാണെന്നുമുള്ള വസ്തുതയിലേക്കുള്ള നോട്ടം നമുക്കൊരിക്കലും നഷ്ടപ്പെടുത്താതിരിക്കാം.

ഒരു പടയാളിക്ക് വളരെ ലഘുവായി തോന്നിപ്പിക്കുന്ന ധാരാളം കർത്തവ്യങ്ങളും നിർവ്വഹിക്കേണ്ടതായുണ്ട്. അങ്ങനെ ഒരു പടയാളിയെന്ന നിലയിൽ അവൻ തന്റെ ആയുധം മിനുക്കുമ്പോഴും, ഭക്ഷണം സംഭരിക്കുമ്പോഴും, തന്റെ ആഹാരം പാകം ചെയ്യുമ്പോഴും പട്ടാളത്താവളം വൃത്തിയാക്കുമ്പോഴും അല്ലെങ്കിൽ പട്ടാളക്കാർക്ക് കടന്നുപോവുന്നതിനായി പാലങ്ങൾ പണിയുമ്പോഴുമൊക്കെ ഒരു ശത്രുവിനോട് പൊരുതുമ്പോഴുള്ളതു പോലെ തന്നെ അത്ര വാസ്തവമായിത്തന്നെയാണ് തന്റെ കടമ ചെയ്യുന്നതെന്ന് ഓർക്കണം. അങ്ങനെയുള്ള കാര്യങ്ങൾ സന്ദർഭവശാലുള്ള വേലയാണ്. എന്നാൽ അത് ആവശ്യമായതും ഒരു പടയാളിയെന്ന നിലയിൽ അവന്റെ ദൗത്യത്തോട് പൂർണ്ണമായും ചേർന്നുപോകുന്നവയുമാണ്. അതുകൂടാതെ അത് കുടുക്കുകളായോ തടസ്സങ്ങളായോ കരുതുവാൻ പാടുള്ളതല്ല. അവിശ്വസ്തതയുടെ ഒരളവോടു കൂടിയല്ലാതെ ഈ കടമകൾ അവഗണിക്കുവാനോ അശ്രദ്ധമായി ചെയ്യുവാനോ കഴികയില്ല.

**നമ്മുടെ നായകൻ സമ്മതിക്കുന്നതും അംഗീകരിക്കുന്നതും എന്താണോ അത് നമുക്ക് ഉചിതമായതാണ്.**

ഒരു ക്രിസ്തീയ പടയാളിയുടെ കാര്യത്തിലും ഇങ്ങനെതന്നെയാണ്. കർത്താവിന്റെ വേലയിൽ അതിന്റെ നിർവ്വഹണത്തിലും അത് ശ്രദ്ധിക്കുന്നതിലുമാകട്ടെ, അതേപോലെതന്നെ നമുക്കും പിന്നെ സഹായത്തിനായി നമ്മിൽ ആശ്രയിക്കുന്നവരായവർക്കും ആവശ്യമായി വരുന്ന കാര്യങ്ങളുടെ ഒരു ഉചിതവും ആത്മാർത്ഥവുമായ ഏർപ്പെടുത്തലിന് സന്ദർഭവശാൽ വരുന്നതായ വീട്ടുവേല, കടയിലെ വേല, ദിവസേനയുള്ള അധ്വാനം, എന്തുമാകട്ടെ, എല്ലാമാകട്ടെ – ഇങ്ങനെയുള്ള ദിനചര്യകൾ എല്ലാം കർത്താവിന്റെ ഒരു പടയാളിയെന്ന നിലയിൽ നമ്മുടെ വേലയുടെ ഒരു ഉത്തമമായ ഭാഗമാണ്.

അപ്പൊസ്തലനായ പത്രൊസ് പെന്തെക്കൊസ്തു നാളിൽ കർത്താവിന്റെ "ഉയിർത്തെഴുന്നേല്പും" സ്വർഗ്ഗാരോഹണവും പ്രഖ്യാപിച്ചപ്പോഴുള്ളതുപോലെ തന്നെ തനിക്കും തന്റെ യജമാനനും നികുതിയടയ്ക്കേണ്ടുന്നതിനായി മീൻ പിടിക്കയും അതിന്റെ വായിൽ നിന്നും നാണയം ലഭിച്ച സന്ദർഭത്തിലുമൊക്കെ താൻ കർത്താവിനെ ശരിയാംവണ്ണം സേവിക്കുകയായിരുന്നു. അപ്പൊസ്തലനായ പൗലൊസ് യേശുവിനെയും പുനരുത്ഥാനത്തെയും കുറിച്ച് അരയോപകക്കുന്നിന്മേൽ പ്രസംഗിച്ചപ്പോഴുള്ളതുപോലെതന്നെ കൂടാരപ്പണി ചെയ്തപ്പോഴും (ആർക്കും ഭാരമായിത്തീരുന്നതിനെക്കാളും നല്ലതാണത്) താൻ ശരിയായ ഒരു ക്രൂശിന്റെ പടയാളിയായിട്ടു തന്നെയാണിരുന്നത്. അതുകൂടാതെ താൻ ഉചിതമായ തന്റെ വേല ചെയ്യുകയുമായിരുന്നു. നമ്മുടെ രക്ഷാനായകനായ നമ്മുടെ കർത്താവിന് മഹത്ത്വവും മാനവും ഉണ്ടാവണമെന്ന കാഴ്ചപ്പാടിലാവട്ടെ അല്ലെങ്കിൽ നമ്മുടെ സഹപടയാളികളിലാർക്കെങ്കിലും പ്രയോജനമുണ്ടാവണമെന്നുള്ള കാഴ്ചപ്പാടിലാവട്ടെ, അല്ലെങ്കിൽ ഈ ഒരു പോരാട്ടത്തിനായി നമ്മുടെ സ്വയമായ തയ്യാറെടുപ്പിനു വേണ്ടിയിട്ടോ ആവട്ടെ, ഇനി അതുമല്ലായെങ്കിൽ നമ്മുടെ നായകൻ സമ്മതിച്ചിട്ടുള്ളതും അംഗീകരിച്ചിട്ടുള്ളതുമായ കടമകളുടെ നിർവ്വഹണത്തിന്റെ കാര്യത്തിലോ ആകട്ടെ, എന്തുതന്നെ ചെയ്താലും പടയാളികളെന്ന നിലയിൽ അതു നമുക്ക് ഉചിതമായ വേല തന്നെയാണ്. അതുകൂടാതെ അത് ഈ ജീവിതകാര്യങ്ങളിലെ കുടുക്കാണ് എന്ന് കരുതേണ്ട കാര്യമില്ല.




ഭൂമിയിൽ മനുഷ്യർ പെരുകുകയും അവർക്കു പുത്രിമാർ ജനിക്കുകയും ചെയ്തു. ദൈവപുത്രന്മാർ മനുഷ്യപുത്രിമാരെ സൗന്ദര്യവതികളായി കണ്ടു തങ്ങൾക്ക് ഇഷ്ടപ്പെട്ടവരെ ഭാര്യമാരായി സ്വീകരിച്ചു. അപ്പോൾ ദൈവം പറഞ്ഞു: "എന്റെ ആത്മാവ് സദാകാലവും മനുഷ്യരിൽ വസിക്കുകയില്ല. അവർ മരിച്ചുപോകുന്നവരാണ്. അവരുടെ ആയുഷ്കാലം നൂറ്റിഇരുപതു വർഷമായിരിക്കും." ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത എത്ര വലിയതാണെന്നും അവന്റെ വിചാരങ്ങളും ഭാവനകളും എത്രമാത്രം ദുഷിച്ചതാണെന്നും ദൈവം കണ്ടു. മനുഷ്യനെ സൃഷ്ടിച്ചതിൽ ദൈവത്തിനു ദുഃഖം തോന്നി. അവിടുത്തെ ഹൃദയം വേദനിച്ചു. "ഞാൻ സൃഷ്ടിച്ച മനുഷ്യനെ ഭൂമിയിൽനിന്നു നീക്കിക്കളയും, മനുഷ്യനെ മാത്രമല്ല, മൃഗങ്ങളെയും ഇഴജന്തുക്കളെയും ആകാശത്തിലെ പറവകളെയും കൂടി നശിപ്പിക്കും; അവയെ സൃഷ്ടിച്ചതിൽ ഞാൻ ദുഃഖിക്കുന്നു" എന്നു ദൈവം പറഞ്ഞു. എന്നാൽ നോഹ അവിടുത്തെ പ്രീതിക്കു പാത്രമായി.

നോഹയുടെ വംശപാരമ്പര്യം: നോഹ തന്റെ തലമുറയിലെ നീതിനിഷ്ഠനും നിഷ്കളങ്കനുമായ വ്യക്തിയായിരുന്നു. നോഹ ദൈവസാന്നിധ്യത്തിൽ ജീവിച്ചു. ശേം, ഹാം, യാഫെത്ത് എന്നിങ്ങനെ മൂന്നു പുത്രന്മാർ നോഹയ്ക്കുണ്ടായിരുന്നു. ദൈവത്തിന്റെ ദൃഷ്ടിയിൽ ഭൂമി അശുദ്ധമായിരുന്നു; അത് അക്രമംകൊണ്ടു നിറഞ്ഞിരുന്നു. ദൈവം ഭൂമിയുടെ അവസ്ഥ ദർശിച്ചു; അതു സർവത്ര വഷളായിരുന്നു. മനുഷ്യരെല്ലാം ദുർമാർഗികളായിത്തീർന്നിരുന്നു.

**ജലപ്രളയം സകലജഡത്തെയും നശിപ്പിക്കും**

ദൈവം നോഹയോടു പറഞ്ഞു: "ഞാൻ മനുഷ്യവർഗത്തെ മുഴുവൻ നശിപ്പിക്കാൻ പോകുന്നു. അവർ നിമിത്തം ഭൂമി അക്രമംകൊണ്ടു നിറഞ്ഞിരിക്കുന്നു. ഭൂമിയോടൊപ്പം ഞാൻ അവരെ നശിപ്പിക്കും. ഗോഫർ മരംകൊണ്ടു നീ ഒരു പെട്ടകം ഉണ്ടാക്കി അതിനകത്ത് അറകൾ പണിയുക. പെട്ടകത്തിന്റെ അകത്തും പുറത്തും കീൽ തേക്കണം. അതു പണിയേണ്ടത് ഇങ്ങനെയാണ്: പെട്ടകത്തിന്റെ നീളം മുന്നൂറു മുഴവും വീതി അൻപതു മുഴവും ഉയരം മുപ്പതു മുഴവും ആയിരിക്കണം. വശങ്ങളിൽനിന്ന് ഒരു മുഴം

ഉയരത്തിൽ അതിനു മേല്ക്കൂര പണിയണം. മൂന്നു തട്ടുകളായി വേണം പെട്ടകം നിർമ്മിക്കാൻ. വശത്തു വാതിലും ഉണ്ടായിരിക്കണം. ജീവജാലമാകെ നശിക്കാൻ ഇടവരുത്തുന്ന വലിയ ഒരു ജലപ്രളയം ഞാൻ ഭൂമിയിൽ വരുത്തും. ഭൂമിയിലുള്ള സകലതും നശിക്കും. എന്നാൽ നീയുമായി ഞാൻ ഒരു ഉടമ്പടി ചെയ്യും. നിന്റെ ഭാര്യ, പുത്രന്മാർ, പുത്രഭാര്യമാർ എന്നിവരോടൊപ്പം നീ പെട്ടകത്തിൽ പ്രവേശിക്കണം. നിന്നോടൊപ്പം ജീവിച്ചിരിക്കേണ്ടതിന് സകല ജീവികളിൽനിന്നും, ഈരണ്ടെണ്ണത്തെ ആണും പെണ്ണുമായി പെട്ടകത്തിൽ പ്രവേശിപ്പിക്കണം. പക്ഷികളിലും മൃഗങ്ങളിലും ഇഴജന്തുക്കളിലും പെട്ട എല്ലാത്തരത്തിൽ നിന്നും രണ്ടെണ്ണം ജീവരക്ഷാർഥം നിന്റെ അടുക്കൽ വരും. അവയ്ക്കും നിങ്ങൾക്കും വേണ്ട ഭക്ഷണവും പെട്ടകത്തിൽ കരുതിക്കൊള്ളണം." ദൈവം കല്പിച്ചതുപോലെയെല്ലാം നോഹ ചെയ്തു.

ദൈവം നോഹയോട് അരുളിച്ചെയ്തു: "ഈ തലമുറയിൽ നിന്നെമാത്രം ഞാൻ നീതിനിഷ്ഠനായി കാണുന്നു. അതുകൊണ്ടു നീയും നിന്റെ കുടുംബവും പെട്ടകത്തിൽ പ്രവേശിക്കുക. വംശനാശം സംഭവിക്കാതിരിക്കാൻ ശുദ്ധിയുള്ള മൃഗങ്ങളിൽനിന്ന് ആണും പെണ്ണുമായി ഏഴു ഇണകൾ വീതവും ശുദ്ധിയില്ലാത്തവയിൽനിന്ന് ആണും പെണ്ണുമായി ഒരു ഇണയും പറവകളിൽനിന്ന് ആണും പെണ്ണുമായി ഏഴു ഇണകൾ വീതവും നിന്റെകൂടെ പെട്ടകത്തിൽ പ്രവേശിപ്പിക്കുക. ഏഴു ദിവസം കഴിഞ്ഞാൽ നാല്പതു ദിനരാത്രങ്ങൾ ഇടവിടാതെ പെയ്യുന്ന മഴ ഞാൻ ഭൂമിയിലേക്ക് അയയ്ക്കും. ഞാൻ സൃഷ്ടിച്ച എല്ലാ ജീവജാലങ്ങളെയും ഭൂമിയിൽനിന്നു ഞാൻ നീക്കിക്കളയും." ദൈവം കല്പിച്ചതെല്ലാം നോഹ ചെയ്തു.

ജലപ്രളയം ഉണ്ടായപ്പോൾ നോഹയ്ക്ക് അറുനൂറു വയസ്സായിരുന്നു. നോഹയും ഭാര്യയും പുത്രന്മാരും അവരുടെ ഭാര്യമാരും പ്രളയത്തിൽനിന്നു രക്ഷപെടാൻ പെട്ടകത്തിൽ പ്രവേശിച്ചു. -ദൈവം കല്പിച്ചതുപോലെ ശുദ്ധിയുള്ളതും ശുദ്ധിയില്ലാത്തതുമായ മൃഗങ്ങളും പക്ഷികളും ഇഴജന്തുക്കളും ആണും പെണ്ണുമായി ഇണകളായി നോഹയോടുകൂടെ പെട്ടകത്തിൽ കടന്നു. ഏഴു ദിവസം കഴിഞ്ഞപ്പോൾ പ്രളയജലം ഭൂമിയിലേക്ക് പ്രവഹിച്ചു തുടങ്ങി.

നോഹയ്ക്ക് അറുനൂറു വയസ്സു പൂർത്തിയായ വർഷത്തിന്റെ രണ്ടാം മാസം പതിനേഴാം ദിവസം അത്യഗാധത്തിലെ നീരുറവകളും ആകാശത്തിലെ വാതായനങ്ങളും തുറന്നു. നാല്പതു ദിനരാത്രങ്ങൾ ഭൂമിയിൽ തുടർച്ചയായി മഴ പെയ്തു.

### നോഹയും കുടുംബവും പെട്ടകത്തിൽ പ്രവേശിച്ചു.

നോഹയും പുത്രന്മാരായ ശേം, ഹാം, യാഫെത്ത് എന്നിവരും നോഹയുടെ ഭാര്യയും പുത്രന്മാരുടെ ഭാര്യമാരും പെട്ടകത്തിൽ കയറി. അവരോടൊത്ത് എല്ലാ ഇനം വന്യമൃഗങ്ങളും വളർത്തുമൃഗങ്ങളും ഇഴജന്തുക്കളും പറവകളും ഉൾപ്പെടെ എല്ലാ ജീവികളിൽനിന്നും രണ്ടു വീതം പെട്ടകത്തിൽ പ്രവേശിച്ചു. ദൈവം കല്പിച്ചതുപോലെ എല്ലാ ജന്തുക്കളെയും ആണും പെണ്ണുമായിട്ടാണ് പ്രവേശിപ്പിച്ചത്. അതിനുശേഷം ദൈവം വാതിൽ അടച്ചു.

ജലപ്രളയം നാല്പതു ദിവസം തുടർന്നു. വെള്ളം പെരുകി പെട്ടകത്തെ നിലത്തുനിന്ന് ഉയർത്തി. ജലനിരപ്പ് ഉയർന്നുകൊണ്ടേയിരുന്നു; പെട്ടകം വെള്ളത്തിനു മുകളിൽ ഒഴുകി നടന്നു. ഏറ്റവും ഉയർന്ന പർവതങ്ങളെപ്പോലും മൂടത്തക്കവിധം ഭൂമിയിൽ വെള്ളം പെരുകി. വെള്ളം പിന്നെയും പതിനഞ്ചു മുഴം കൂടി ഉയർന്നു. പക്ഷികൾ, കന്നുകാലികൾ, മൃഗങ്ങൾ, ഇഴജന്തുക്കൾ തുടങ്ങി എല്ലാ ജീവികളും മനുഷ്യരും ചത്തൊടുങ്ങി. അങ്ങനെ കരയിലുണ്ടായിരുന്ന എല്ലാ ജീവികളും നശിച്ചു. മനുഷ്യരും മൃഗങ്ങളും പക്ഷികളും ഉൾപ്പെടെ ഭൂമിയിൽ ഉണ്ടായിരുന്ന സകല ജീവികളെയും ദൈവം തുടച്ചുനീക്കി. നോഹയും പെട്ടകത്തിൽ ഉണ്ടായിരുന്നവരും മാത്രം ജീവനോടെ ശേഷിച്ചു. ജലപ്രളയം നൂറ്റിഅമ്പതു ദിവസം നീണ്ടുനിന്നു.

### വെള്ളം താഴുന്നു

ദൈവം നോഹയെയും കൂടെയുണ്ടായിരുന്ന എല്ലാ വന്യമൃഗങ്ങളെയും വളർത്തുമൃഗങ്ങളെയും ഓർത്തു; അവിടുന്നു ഭൂമിയിൽ ഒരു കാറ്റ് അടിപ്പിച്ചു; വെള്ളം താണുതുടങ്ങി. ആഴത്തിലെ ഉറവകളും ആകാശത്തിലെ വാതിലുകളും അടഞ്ഞു. മഴയും നിലച്ചു. ഭൂമിയിൽനിന്ന് ജലം ക്രമേണ ഇറങ്ങിത്തുടങ്ങി. നൂറ്റിഅമ്പതു ദിവസമായപ്പോൾ ജലനിരപ്പു വളരെ താണു. ഏഴാംമാസം പതിനേഴാം ദിവസം പെട്ടകം അരാരത്തു പർവതത്തിൽ ഉറച്ചു. പത്താം മാസംവരെ ജലനിരപ്പ് തുടരെ താണുകൊണ്ടിരുന്നു. പത്താം മാസം ഒന്നാം ദിവസം പർവതശൃംഗങ്ങൾ കാണാറായി. നാല്പതു ദിവസം കഴിഞ്ഞപ്പോൾ നോഹ പെട്ടകത്തിന്റെ കിളിവാതിൽ തുറന്ന് ഒരു മലങ്കാക്കയെ പുറത്തേക്ക് അയച്ചു. ഭൂമിയിൽ വെള്ളം വറ്റുന്നതുവരെ അതു വരികയും പോകുകയും ചെയ്തുകൊണ്ടിരുന്നു. പിന്നീട്, ഭൂമിയിൽനിന്ന് വെള്ളം ഇറങ്ങിയോ എന്നറിയാൻ ഒരു പ്രാവിനെ പുറത്തേക്ക് അയച്ചു. കാലുകുത്താൻ ഇടം കാണാതെ അതു പെട്ടകത്തിൽ നോഹയുടെ അടുക്കൽ തിരിച്ചെത്തി. അപ്പോഴും ഭൂതലം മുഴുവൻ വെള്ളംകൊണ്ടു മൂടിയിരുന്നു. നോഹ കൈ നീട്ടി ആ പ്രാവിനെ പിടിച്ചു പെട്ടകത്തിന്റെ ഉള്ളിലാക്കി. ഏഴു ദിവസംകൂടി കാത്തിരുന്നശേഷം നോഹ പ്രാവിനെ വീണ്ടും പുറത്തേക്കയച്ചു. സന്ധ്യയായപ്പോൾ പ്രാവ് മടങ്ങിവന്നു. അതിന്റെ ചുണ്ടിൽ ഒരു പച്ച ഒലിവില

ഉണ്ടായിരുന്നു. അങ്ങനെ ഭൂമിയിൽനിന്നു വെള്ളമിറങ്ങി എന്നു നോഹ മനസ്സിലാക്കി. ഏഴു ദിവസം കഴിഞ്ഞ് ആ പ്രാവിനെ വീണ്ടും പുറത്തേക്കയച്ചു. പിന്നീട് അതു തിരിച്ചു വന്നില്ല. നോഹയ്ക്ക് അറുനൂറ്റിഒന്നു വയസ്സു തികഞ്ഞ വർഷം ഒന്നാം മാസം ഒന്നാം ദിവസം ആയപ്പോൾ ഭൂമിയിൽ വെള്ളം വറ്റിക്കഴിഞ്ഞിരുന്നു. നോഹ പെട്ടകത്തിന്റെ മേൽത്തട്ടു നീക്കി, പുറത്തേക്കു നോക്കിയപ്പോൾ നിലം ഉണങ്ങിയിരിക്കുന്നതായി കണ്ടു. രണ്ടാം മാസം ഇരുപത്തിഏഴാം ദിവസം ആയപ്പോൾ ഭൂമി തീർത്തും ഉണങ്ങിക്കഴിഞ്ഞിരുന്നു.

ദൈവം നോഹയോടു പറഞ്ഞു: "നീയും നിന്റെ ഭാര്യയും പുത്രന്മാരും അവരുടെ ഭാര്യമാരും പുറത്തിറങ്ങുക. പക്ഷികളും, മൃഗങ്ങളും, ഇഴജന്തുക്കളുമായി നിന്റെ കൂടെയുള്ള എല്ലാ ജീവികളെയും പുറത്തേക്കു കൊണ്ടുവരിക. അവ ഭൂമിയിൽ പെറ്റുപെരുകട്ടെ." നോഹയും ഭാര്യയും പുത്രന്മാരും അവരുടെ ഭാര്യമാരും പുറത്തുവന്നു. അവരോടൊപ്പം എല്ലാ മൃഗങ്ങളും ഇഴജന്തുക്കളും പക്ഷികളുമായി ഭൂമിയിൽ വ്യാപരിക്കുന്ന എല്ലാ ജീവികളും വർഗംവർഗമായി പെട്ടകത്തിൽനിന്ന് ഇറങ്ങി.

നോഹ ദൈവത്തിന് ഒരു യാഗപീഠം പണിതു. അതിൽ ശുദ്ധിയുള്ള മൃഗങ്ങളിൽനിന്നും പക്ഷികളിൽനിന്നും ചിലതിനെ കൊണ്ടുവന്നു ഹോമയാഗമായി അർപ്പിച്ചു. അതിന്റെ സൗരഭ്യം ദൈവത്തിനു പ്രസാദകരമായി. അപ്പോൾ അവിടുന്ന് ആത്മഗതം ചെയ്തു: "ജന്മനാ ദോഷത്തിലേക്കു തിരിയുന്ന മനുഷ്യൻ നിമിത്തം ഞാൻ ഇനി ഒരിക്കലും ഭൂമിയെ ശപിക്കുകയില്ല. ജീവജാലങ്ങളെയെല്ലാം ഇനി ഒരിക്കലും നശിപ്പിക്കുകയുമില്ല. ഭൂമി ഉള്ള കാലമെല്ലാം വിതയും കൊയ്ത്തും ശീതവും ഉഷ്ണവും വേനലും വർഷവും രാവും പകലും ഉണ്ടായിരിക്കും."

ദൈവം നോഹയെയും പുത്രന്മാരെയും അനുഗ്രഹിച്ച് അവരോട് അരുളിച്ചെയ്തു: "നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറയുവിൻ. ഭൂമിയിലെ എല്ലാ മൃഗങ്ങളും ആകാശത്തിലെ സകല പറവകളും ഇഴഞ്ഞുനടക്കുന്ന സർവജീവികളും സമുദ്രത്തിലെ സകല മത്സ്യങ്ങളും നിങ്ങളെ ഭയപ്പെടും. അവയെ എല്ലാം ഞാൻ നിങ്ങളെ ഏല്പിച്ചിരിക്കുന്നു. ഭൂമിയിൽ ചരിക്കുന്ന എല്ലാ ജീവികളും നിങ്ങൾക്കു ഭക്ഷണമായിരിക്കും. പച്ചസസ്യങ്ങൾ ആഹാരമായി നല്കിയതുപോലെ സകലതും നിങ്ങൾക്കു നല്കുന്നു. എന്നാൽ രക്തത്തോടുകൂടിയ മാംസം ഭക്ഷിക്കരുത്; ജീവൻ രക്തത്തിലാണല്ലോ. മനുഷ്യജീവൻ അപഹരിക്കുന്നവനു ഞാൻ മരണശിക്ഷ വിധിക്കുന്നു; മനുഷ്യനെ കൊല്ലുന്ന മൃഗവും മരിക്കണം. മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത് ദൈവത്തിന്റെ ഛായയിലാണ്; അതുകൊണ്ട് മനുഷ്യരക്തം ചൊരിയുന്നവന്റെ രക്തവും മനുഷ്യനാൽതന്നെ ചൊരിയപ്പെടണം. നിങ്ങൾ സന്താനസമൃദ്ധിയുള്ളവരായി ഭൂമിയിൽ നിറയുവിൻ."

**ദൈവവും നോഹയും തമ്മിലുള്ള ഉടമ്പടി**

ദൈവം നോഹയോടും പുത്രന്മാരോടും അരുളിച്ചെയ്തു: -"നിങ്ങളോടും നിങ്ങളുടെ പിൻതലമുറകളോടും, പെട്ടകത്തിൽനിന്ന് ഇറങ്ങിവന്ന പക്ഷികൾ, വളർത്തുമൃഗങ്ങൾ, വന്യമൃഗങ്ങൾ എന്നിവയടക്കം സർവജീവജാലങ്ങളോടുമായി ഞാൻ ഇതാ, ഒരു ഉടമ്പടി സ്ഥാപിക്കുന്നു. ജലപ്രളയത്താൽ ഇനിമേൽ ജീവികളെയെല്ലാം നശിപ്പിക്കുകയില്ല; ഭൂമിയെ സമൂലം നശിപ്പിക്കത്തക്കവിധം ഇനി ഒരു ജലപ്രളയം ഉണ്ടാകയുമില്ല എന്ന ഈ ഉടമ്പടി നിങ്ങളുമായി സ്ഥാപിച്ചിരിക്കുന്നു. ഞാനും നിങ്ങളും നിങ്ങളുടെകൂടെയുള്ള സകല ജീവജാലങ്ങളും തമ്മിലും ഭാവിതലമുറകൾക്കു വേണ്ടി എന്നേക്കുമായി ഏർപ്പെടുത്തുന്ന ഉടമ്പടിയുടെ അടയാളം ഇതാകുന്നു. ഞാൻ എന്റെ വില്ല് മേഘത്തിൽ വയ്ക്കുന്നു. ഞാനും ഭൂമിയും തമ്മിലുള്ള ഉടമ്പടിയുടെ അടയാളം അതായിരിക്കും. ഞാൻ ഭൂമിക്കു മീതെ കാർമേഘങ്ങൾ വരുത്തുകയും അവയിൽ മഴവില്ലു പ്രത്യക്ഷപ്പെടുകയും ചെയ്യുമ്പോൾ, ഞാൻ നിങ്ങളോടും സകല ജീവജാലങ്ങളോടുമായി ചെയ്തിട്ടുള്ള ഉടമ്പടി ഓർക്കും; ജീവജന്തുക്കളെല്ലാം നശിക്കത്തക്കവിധത്തിൽ ഒരു ജലപ്രളയം ഇനി ഉണ്ടാവുകയില്ല. വില്ല് മേഘങ്ങളിൽ പ്രത്യക്ഷപ്പെടുമ്പോൾ ഞാൻ അതു കാണുകയും ഞാനും ഭൂമിയിലുള്ള സകല ജീവജാലങ്ങളും തമ്മിൽ എന്നേക്കുമായി ഏർപ്പെടുത്തിയിട്ടുള്ള ഉടമ്പടി ഓർക്കുകയും ചെയ്യും." ദൈവം നോഹയോട് അരുളിച്ചെയ്തു: "ഭൂമിയിലുള്ള സകല ജീവജാലങ്ങളുമായി ഞാൻ സ്ഥാപിച്ചിട്ടുള്ള ഉടമ്പടിയുടെ അടയാളം ഇതായിരിക്കും."

ശേം, ഹാം, യാഫെത്ത് എന്നിവരായിരുന്നു പെട്ടകത്തിൽനിന്നു പുറത്തുവന്ന നോഹയുടെ മൂന്നു പുത്രന്മാർ. കനാന്റെ പിതാവായിരുന്നു ഹാം. ഭൂമിയിലുള്ള എല്ലാ ജനതകളും ഇവരുടെ സന്താനപരമ്പരകളാണ്. ജലപ്രളയത്തിനുശേഷം നോഹ മുന്നൂറ്റിഅമ്പതുവർഷം ജീവിച്ചു. നോഹയുടെ ആയുഷ്കാലം തൊള്ളായിരത്തിഅമ്പതു വർഷമായിരുന്നു. അതിനുശേഷം അദ്ദേഹം മരിച്ചു.

നോഹയുടെ പുത്രന്മാരായ ശേം, ഹാം, യാഫെത്ത് എന്നിവരുടെ വംശാവലി: ജലപ്രളയത്തിനുശേഷം അവർക്ക് പുത്രന്മാർ ജനിച്ചു. നോഹയുടെ പുത്രന്മാർ വിവിധ ദേശങ്ങളിൽ പാർത്തിരുന്നു. അവരുടെ വംശപാരമ്പര്യം ഇതാണ്. ജലപ്രളയത്തിനുശേഷം ഇവരിൽനിന്നാണ് ഭൂമിയിലെ വിവിധ ദേശങ്ങളിൽ ജനതകൾ വ്യാപിച്ചത്.

Reg.No. RNI NO. KER MAL / 2008 / 24642 Dt. 17-07-2008
This Magazine is translated from English Bible Standard Published by the Laymen's Home Missionary Movement - Bible Standard Ministries, 1156 St. Matthews Road, Chestersprings, PA 19425 - 2700, U.S.A. Editor, Leon J. Snyder.

## ഞങ്ങളുടെ മലയാളം പ്രസിദ്ധീകരണങ്ങൾ

- യഥാസ്ഥാപനം
- യേശുവിന്റെ രണ്ടാംവരവ്
- ഭൂമിയിൽ വരുവാനുള്ള ദിവ്യാധിപത്യം
- പൂർണ്ണ സുവിശേഷം
- നിങ്ങൾക്കറിയാമോ?
- സമാധാനം അതെങ്ങനെ കൈവരും?
- പുതിയ ഭൂമി
- ന്യായവിധി ദിവസം
- ആപൽക്കരമായ മലിനീകരണം
- ദൈവമോ സാത്താനോ വിജയിക്കുന്നത്?
- യഥാർത്ഥ സ്വാതന്ത്ര്യം
- ദൈവം നിങ്ങളെ സ്നേഹിക്കുന്നു
- പറുദീസയിലെ കള്ളന്മാർ
- യിസ്രായേലിന്റെ തിരിച്ചുവരവ്
- എന്താണ് സത്യം?
- മഹാപിരമിഡ്
- ജീവനും അമർത്യതയും
- ആത്മാവ് എന്നാൽ എന്ത്?
- മരിച്ചവരുടെ പുനരുത്ഥാനം
- നരകം ഒരു ദണ്ഡനസ്ഥലമല്ല
- മരിച്ചവർ എവിടെ?
- ധനവാനും ലാസറും എന്ന ഉപമ

**സത്യമായതൊക്കെയും**
**ഘനമായതൊക്കെയും**
**നീതിയായതൊക്കെയും**
**നിർമ്മലമായതൊക്കെയും**
**രമ്യമായതൊക്കെയും**
**സൽക്കീർത്തിയായതൊക്കെയും**
**സൽഗുണമോ പുകഴ്ചയോ**
**അതൊക്കെയും**
**ചിന്തിച്ചുകൊൾവിൻ**
**ഫിലിപ്യർ 4:8.**

Please write for Bible Standard and present Truth English and Tamil Magazines and Parozia, Epiphany Volumes and other English Publications to:-

**Bro. V. Vincent Jeyakumar**
**Representative of India**
Laymen's Home Missionary Movement
#4/81, Eluvaraimukki Main Road,
Eluvaraimukki Village,
Near Thoppur, Nazareth - 628 617,
Thoothukudi District, Tamil Nadu
Mob. : 9894926629
E-mail : vincentlhmm@gmail.com

Please write for Bible Standard Magazines and other publications in Malayalam to the following address:-

**Bro. K.O. Varghese**
**Aux. Pilgrim**
Laymen's Home Missionary Movement
Kilirukkunnel, Puthenchantha P.O.,
Vakathanam, Kottayam, Kerala - 686 538
Mob. : 9446969470, 9497534364
E-mail : kovaux.pgm6@gmail.com

Bible Standard (Malayalam) Bi-monthly Magazine, Owned, Printed, Published by K.O. Varghese, Aux. Pilgrim. L.H.M.M. Kilirukkunnel Puthenchantha P.O., Vakathanam, Kottayam, Kerala Pin- 686 538 Mobile. 9446969470, 9497534364 from Puthenchantha P.O., Vakathanam, Kottayam, Kerala -686 538 at Mukkam Graphics, Industrial Nagar P. O., Changanacherry - 686 106, Editor:- K.P. Mathai, Evangelist L.H.M.M., Kanayankal House, Chakampathal (P.O)., Vazhoor, Kottayam Dt. Kerala Pin- 686 517.

Visit us at : **www.biblestandardindia.com**